# എന്റെ കൃപ നിനക്കു മതി

രോഗികളുടെ ഉപയോഗത്തിനുള്ള
പ്രാർഥനാ സഹായി



ഫാ. ഡോ. കെ.എം. ജോർജ്
മറിയം ഫിലിപ്പ് ജോർജ്

# എന്റെ കൃപ നിനക്കു മതി

(രോഗികളുടെ ഉപയോഗത്തിനുള്ള
പ്രാർത്ഥനാസഹായി)

ഫാ.ഡോ.കെ.എം.ജോർജ്
മറിയം ഫിലിപ്പ് ജോർജ്

**Ente Krupa Ninakkumathi**
*(Malayalam)*

*Published by* Mariam Philip George
Purakulathu, Devalokam P.O.
Kottayam - 686 038
Ph: 0481 - 2572540
e-mail:frkmgeorge@hotmail.com

*First Impression* : 2007 July
*Copies* : 1000

*Type Setting & Cover Design*
Sankeerthanam
Madukkanil Chambers
Kanjikuzhy, Kottayam - 4
Ph: 0481 3291416, 2573807
info@sankeerthanam.com

---

*സൗജന്യമായി വിതരണം ചെയ്യുന്ന ഈ പുസ്തകം ഉപയോഗിക്കുന്ന ആരെങ്കിലും എന്തെങ്കിലും സംഭാവന നൽകിയാൽ അത് നിർധനരായ രോഗികളുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്നതാണ്.*

## ഉള്ളടക്കം

1. നന്ദിപൂർവ്വം
2. അനുഗ്രഹവചനം -
   *ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ*
3. അവതാരിക -
   *റവ. ഫാ. റ്റി. ജെ. ജോഷ്വ*
4. രോഗം -
   *അനുഗ്രഹത്തിന്റെ മാർഗ്ഗം*
5. ഇന്ദ്രിയങ്ങളുടെ വിശുദ്ധീകരണം
6. തൊട്ടു സൗഖ്യമാക്കുന്ന കർത്താവ്
7. ധ്യാന പ്രാർത്ഥനകൾ
8. ധ്യാന കീർത്തനങ്ങൾ
9. സാന്ത്വന വചനങ്ങൾ
10. പ്രസക്ത സുവിശേഷ ഭാഗങ്ങൾ

# നന്ദിപൂർവ്വം

ഞങ്ങളിലൊരാൾക്ക് ഗുരുതരമായ രോഗബാധയുണ്ടായപ്പോൾ ദൈവകൃപയിൽ കൂടുതൽ ആശ്രയിക്കുന്നതിനും, സൗഖ്യദായകനായ യേശുവിന്റെ സ്നേഹത്തെ കൂടുതൽ അനുഭവിച്ചറിയുന്നതിനും അവസരമുണ്ടായി. നമുക്ക് നേരിട്ടറിയാവുന്നവർ മാത്രമല്ല, യാതൊരു മുൻപരിചയവുമില്ലാത്തവരും ചേർന്ന ഒരു വലിയ സമൂഹം നമുക്കു വേണ്ടി പ്രാർത്ഥിക്കുകയും നമ്മെ സ്നേഹപൂർവ്വം കരുതുകയും ചെയ്യുന്നു എന്ന അറിവ് അത്ഭുതകരമായ സാന്ത്വനം നൽകി. ഈ ആത്മീയാനുഭവം രോഗാവസ്ഥയിൽ കഴിയുന്ന സഹോദരങ്ങളുമായി പ്രാർത്ഥനയിലൂടെ പങ്കുവയ്ക്കാനുള്ള എളിയ ശ്രമമാണ് ഈ ചെറു പുസ്തകം.

ഓർത്തഡോക്സ് സഭയുടെ ഹൃദ്യമായ പുരാതന പ്രാർത്ഥനകളും സാന്ദർഭികമായി രചിച്ച ചില പുതിയ പ്രാർത്ഥനകളും കീർത്തനങ്ങളും തെരഞ്ഞെടുത്ത സുവിശേഷഭാഗങ്ങളും വേദപ്രസിദ്ധമായ ചില സാന്ത്വനവചനങ്ങളും മറ്റും ചേർത്ത് തയ്യാറാക്കിയ ഈ പ്രാർത്ഥനാസഹായി സഭയുടെ കാനോനിക പ്രാർത്ഥനകൾക്ക് പകരമായിട്ടല്ല, അവയോടൊപ്പം രോഗികൾക്ക് ഉപയോഗിക്കാവുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

ഈ പ്രാർത്ഥനാസഹായിക്ക് അനുഗ്രഹവചനം കുറിച്ചുതന്ന കോട്ടയം ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി, 'രോഗികളുടെ തൈലാഭിഷേകം' നടത്തിയും പ്രാർത്ഥനാപൂർവ്വം കരുതിയും രോഗസൗഖ്യത്തിന് സഹായിച്ചു. ഈ ചെറുപുസ്തകത്തിന് ഹൃദയസ്പർശിയായ അവതാരിക എഴുതിയും സമുചിതമായ പേര് നിർദ്ദേശിച്ചും സഹായിച്ചത് എന്റെ വന്ദ്യ ഗുരുഭൂതൻ ബഹു.റ്റി.ജെ.ജോഷ്വ അച്ചനാണ്. കാൻസർ രോഗത്തിന്റെ കഠിനപരീക്ഷണങ്ങളെ വിജയപൂർവ്വം തരണം ചെയ്ത് നിരന്തരം ദൈവകൃപയെയും ക്രിസ്തുയേശു നൽകുന്ന സൗഖ്യത്തെയും ഉൽഘോഷിക്കുന്നവരാണ് ഇവർ രണ്ടുപേരും.

സ്നേഹപൂർവ്വമായ സന്ദർശനം, പ്രാർത്ഥന, കൈത്താങ്ങൽ എന്നിവ കൊണ്ട് ഞങ്ങളെ നിരന്തരം കരുതിയ എല്ലാ തിരുമേനിമാരോടും വൈദിക സഹോദരങ്ങളോടും ഡോക്ടർമാരോടും കുടുംബാംഗങ്ങളോടും അയൽക്കാരോടും വൈദിക വിദ്യാർത്ഥികളോടും സ്നേഹിതരോടുമുള്ള ഹൃദയംഗമമായ കൃതജ്ഞത അറിയിക്കുന്നു. സ്നേഹവും കരുതലും പ്രാർത്ഥനയും എങ്ങിനെ രോഗികൾക്ക് സൗഖ്യദായകമാകുമെന്ന് കാണിച്ചു തന്ന 'സാക്ഷികളുടെ ഈ വലിയ സമൂഹ'ത്തോടുള്ള നന്ദിയർപ്പണം കൂടിയാണ് ഈ ചെറു പുസ്തകം. സ്വർഗ്ഗീയ വൈദ്യനായ യേശുനാഥൻ രോഗത്തിലും വിവിധ ക്ലേശങ്ങളിലും പെട്ട് വലയുന്ന എല്ലാ സഹോദരങ്ങൾക്കും സൗഖ്യവും സമാധാനവും നൽകട്ടെ.

കോട്ടയം — കെ.എം.ജി.

ജൂലൈ 3, 2007 — എം.പി.ജി.

# Malankara Orthodox Syrian Church

**KOTTAYAM DIOCESE**

GEEVARGHESE MAR IVANIOS

Phone: 2564329
Kuriakose Mar Gregorios Centre,
M.D. Seminary, Kottayam


## അനുഗ്രഹവചനം

രോഗസൗഖ്യം ലഭിക്കുന്നതിന് വിശ്വാസപൂർവ്വമുള്ള പ്രാർത്ഥനയുടെ പങ്ക് എത്ര ഊന്നിപ്പറഞ്ഞാലും മതിയാവുകയില്ല. ഗൗരവതരമായ രോഗത്തിൽ നിന്ന് ക്രിസ്തുവിലുള്ള വിശ്വാസവും പ്രത്യാശയും സ്നേഹവും മൂലം സൗഖ്യം പ്രാപിക്കുന്നവർ അനവധിയാണ്. സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ ജോർജച്ചനും കൊച്ചമ്മയും ചേർന്ന് തയ്യാറാക്കിയ ഈ പ്രാർത്ഥനാസഹായി വളരെ ഹൃദ്യമായിരിക്കുന്നു. സുവിശേഷങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത വായനകളും, വേദഗ്രന്ഥത്തിൽ നിന്നും പിതാക്കന്മാരുടെ രചനകളിൽ നിന്നുമുള്ള സാന്ത്വന വചനങ്ങളും ചില ധ്യാനപ്രാർത്ഥനകളും കീർത്തനങ്ങളും മറ്റും അടങ്ങിയ ഈ ചെറു പുസ്തകം രോഗികൾക്ക് പ്രയോജനപ്പെടും. ഈ നല്ല ശ്രമത്തിന് എല്ലാവിധ അനുഗ്രഹങ്ങളും നേരുന്നു.

ഗീവർഗീസ് മാർ ഈവാനിയോസ്

മെത്രാപ്പോലീത്ത

## അവതാരിക

### ഫാ. റ്റി. ജെ. ജോഷ്വ

രോഗവും കഷ്ടതയും മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയിൽ പെട്ടതായിരുന്നില്ല. മനുഷ്യൻ ആരോഗ്യവാനും സന്തുഷ്ടനുമായി ജീവിക്കണമെന്നായിരുന്നു ദൈവോദ്ദേശ്യം. എന്നാൽ മനുഷ്യൻ പാപം ചെയ്ത് ദൈവതേജസ്സ് അഭാവപ്പെട്ടവനായിത്തീർന്നപ്പോൾ തൽഫലമായി കടന്നുവന്നതാണ് രോഗവും കഷ്ടതയും. സന്തോഷപൂർണ്ണമായ പറുദീസായിലെ ജീവിതത്തിൽ രോഗവും കഷ്ടതയും കരിനിഴൽ വീഴ്ത്തിയത് മനുഷ്യന്റെ വീഴ്ചയ്ക്കുശേഷമാണെന്നു വേദപുസ്തകം സാക്ഷിക്കുന്നു.

മനുഷ്യന്റെ രക്ഷാപദ്ധതിയിൽ പാപത്തിൽ നിന്നും രോഗത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള മോചനം ഉൾക്കൊള്ളുന്നു. രക്ഷാപദ്ധതി പൂർണ്ണമായി ദൈവരാജ്യം യാഥാർത്ഥ്യമായിത്തീരുമ്പോൾ "ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടി വസിക്കും.... അവൻ അവരുടെ കണ്ണുനീർ എല്ലാം തുടച്ചു കളയും. ഇനി മരണം ഉണ്ടാവുകയില്ല, ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകുകയില്ല". (വെളി . 21:3,4). ഈ അവസ്ഥ അപ്പോൾ സംജാതമാകും.

യേശുക്രിസ്തു ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടാണ് പരസ്യശുശ്രൂഷ ആരംഭിച്ചത്. ദൈവരാജ്യാഗമനത്തിന്റെ അടയാളമായി അവിടുന്നു പിശാചുക്കളെ പുറത്താക്കുകയും രോഗികളെ സുഖപ്പെടുത്തുകയും ചെയ്തു. രോഗത്തെ തിന്മയുടെ നുഴഞ്ഞുകയറ്റമായി യേശു കരുതി. ദൈവത്തിന്റെ ആത്യന്തികമായ ഹിതം സൃഷ്ടിമുഴുവനും സ്വസ്ഥതയിലും സൗഖ്യത്തിലും ഇരിക്കണമെന്നുള്ളതാണ്. അതുകൊണ്ട് അവിടുന്ന് രോഗത്തിനെതിരായി പോരാടി. ആ പോരാട്ടം തുടർന്നുകൊണ്ടുപോകുവാൻ അവിടുന്നു ശിഷ്യന്മാരെ ചുമതലപ്പെടുത്തി. അതുകൊണ്ട് സഭ, രോഗശാന്തിശുശ്രൂഷയും രോഗീപരിചരണവും ഗൗരവമായിട്ടെടുക്കുന്നു.

ഒരു കാര്യം അംഗീകരിക്കേണ്ടതായിട്ടുണ്ട്: രോഗം ജീവിതത്തിലെ ഒരു വലിയ പ്രതിസന്ധിയാണ്. രോഗിക്കുമാത്രമല്ല, അടുത്ത ബന്ധുക്കൾക്കും മിത്രങ്ങൾക്കുമത് പല പ്രയാസങ്ങളും പ്രശ്നങ്ങളും സൃഷ്ടി

ക്കുന്നു. രോഗത്തോടുള്ള പ്രതികരണം പലരിലും വ്യത്യാസപ്പെട്ടിരിക്കും. ചിലർ ചെറിയ രോഗത്തിൽ പോലും പിടിച്ചു നിൽക്കാൻ കഴിയാതെ വാടിത്തളർന്നു പോകുന്നു. പരാതിയും പിറുപിറുപ്പും നടത്തുന്നു. നിരാശ ബാധിച്ച് നിസ്സഹായാവസ്ഥയിലെത്തുന്നു. വേറെ ചിലർ, വിശ്വാസവും പ്രത്യാശയും കൈവിടാതെ ഗുരുതരമായ രോഗത്തെപ്പോലും സമചിത്തതയോടെ നേരിടുന്നു. ഒരു കാര്യം വ്യക്തമാണ്. ആത്മീയ വീക്ഷണവും ആത്മീയാനുഭവവും കൈമുതലായിട്ടുള്ളവർ രോഗത്തെ ധീരതയോടെ നേരിടുന്നു. സ്നേഹവാനായ പിതാവ് തന്റെ മക്കളെ ഒരിക്കലും കൈവിടുകയില്ലെന്ന് ഉറച്ചു വിശ്വസിക്കുന്നു. അവിടുന്ന് അറിയാതെ യാതൊന്നും സംഭവിക്കുകയില്ല എന്നും, സംഭവിക്കുന്നതെന്തും നന്മയിലേക്ക് അവിടുന്ന് പരിവർത്തിപ്പിക്കുമെന്നും അവർ പൂർണ്ണമായി കരുതുന്നു.

എന്റെ അനുഭവസാക്ഷ്യം ഇവിടെ സംഗതമെന്നു ഞാൻ വിശ്വസിക്കുന്നു. സമുദ്രത്തിലെ തിരമാലകൾ പോലെ രോഗങ്ങൾ ഒന്നൊന്നായി എന്നെ ബാധിച്ചു. എല്ലാം വൈവിധ്യമാർന്ന രോഗങ്ങൾ! അംഗപ്രത്യംഗം ശസ്ത്രക്രിയകൾക്കുവിധേയനാകേണ്ടിവന്നു. കാൻസറിന്റെ കടന്നാക്രമണം ഒന്നല്ല, രണ്ടു വട്ടം നേരിട്ടു. ഇങ്ങനെ രോഗങ്ങളുമായി നിരന്തരമായ ഒരു പോരാട്ടമാണ് എന്റെ ജീവിതം. ചിലപ്പോഴൊക്കെ മാനുഷികമായ ബലഹീനത മൂലം സംശയങ്ങളും നിരാശയുടെ ഭാവങ്ങളും കടന്നു വന്നിട്ടുണ്ടെങ്കിലും, തൽക്ഷണം തന്നെ അവയെ അതിജീവിക്കാനുള്ള ദൈവകൃപ സമൃദ്ധിയായി അനുഭവിക്കാൻ കഴിഞ്ഞു. ദൈവകൃപ വ്യാപരിക്കുകയും അനുഭവിക്കുകയും ചെയ്തില്ലെങ്കിൽ ഏതൊരു വിശ്വാസിയും നിരാശ ബാധിച്ചു നിപതിച്ചുപോകും.

രോഗാവസ്ഥയിൽ മനസ്സ് പലപ്പോഴും വ്യാകുലപ്പെടുവാനും അസ്വസ്ഥമാകാനും ഇടയാകും. പ്രവർത്തനങ്ങൾക്ക് സാധ്യതയില്ലാതെ, രോഗം നമ്മെ നിഷ്ക്രിയരാക്കുമ്പോൾ മനസ്സ് പല മേഖലകളിൽ മേഞ്ഞു നടക്കും. അപ്പോഴാണ് ദൈവസ്നേഹത്തേയും, ദൈവനീതിയെയും സംശയിക്കാനും ചോദ്യം ചെയ്യാനും ഒരുമ്പെടുന്നത്. ജീവിതത്തിന്റെ പഴയ ഏടുകൾ ഒക്കെ പരതി നോക്കി അസുഖകരങ്ങളായ പലതും മനസ്സു പൊക്കിയെടുത്തുകൊണ്ടുവരും. നന്മയുടെയും സന്തോഷത്തിന്റെയും സംഭവങ്ങളേക്കാൾ തിന്മയുടെയും പരാജയങ്ങളുടെയും കാര്യങ്ങൾ അനുസ്മരിക്കുവാനായിരിക്കും മനസ്സ് വെമ്പൽ കൊള്ളുന്നത്. അതുകൊണ്ട് രോഗാവസ്ഥയിൽ സർഗ്ഗാത്മകമായ



ചിന്തകളും വിശ്വാസ ജന്യങ്ങളായ വിചാരങ്ങളും ഉളവാകുവാൻ തക്കവണ്ണം പ്രാർത്ഥനയ്ക്കും ധ്യാനപരമായ വായനകൾക്കും വലിയസ്ഥാനമുണ്ട്. രോഗത്തിൽ കൂടി കടന്നുപോയവരും വിശ്വാസപ്രതികരണമുളവാക്കിയവരുമായ വ്യക്തികളുടെ അനുഭവസാക്ഷ്യങ്ങളും, ആത്മീയ മൂല്യങ്ങളും സാരവത്തായ ചിന്തകളും ഉത്തമമായ പ്രാർത്ഥനകളും, ധ്യാനങ്ങളും ഉൾക്കൊള്ളുന്ന കൃതികൾ രോഗികൾക്ക് വളരെ ആശ്വാസം പകരാതിരിക്കുകയില്ല. ദൈവകൃപ വ്യാപരിക്കുവാൻ തക്കവണ്ണം അവരുടെ മനസ്സുകളെ പാകപ്പെടുത്തുന്നതിൽ അത്തരം കൃതികൾക്ക് വലിയ പങ്കു വഹിക്കുവാനാകും.

ഈ മനോഹരമായ ചെറുകൃതിയുടെ സാംഗത്യം ഈ പശ്ചാത്തലത്തിൽ വളരെ വലുതാണ്. ഉള്ളടക്കത്തിന്റെ വൈവിധ്യമാണ് ഇതിനെ ആകർഷകമാക്കുന്നത്. ആദ്യഭാഗത്ത് രോഗത്തെ എപ്രകാരം അനുഗ്രഹത്തിന്റെ മുഖാന്തിരമാക്കിത്തീർക്കാമെന്നു വ്യക്തമാക്കുന്നു. വേദശാസ്ത്രപരമായ ചിന്തകളും, സൗഖ്യത്തിന്റെ വിവിധ തലങ്ങളും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. "ഇന്ദ്രിയങ്ങളുടെ വിശുദ്ധീകരണം" എന്ന ഭാഗത്ത് പഞ്ചേന്ദ്രിയങ്ങളും സുഖപ്രാപ്തിയിൽ വഹിക്കുന്ന പങ്ക് നമുക്കു ബോധ്യമാകും. മാത്രമല്ല രോഗികളുടെ തൈലാഭിഷേക ശുശ്രൂഷയുടെ ഒരു വിശദീകരണവും വ്യാഖ്യാനവും അതിലുണ്ട്.

ചില ധ്യാനപ്രാർത്ഥനകൾ ചേർത്തിരിക്കുന്നത് ഉചിതമായിരിക്കുന്നു. കാൻസർ രോഗത്തിൽ നിന്നു സൗഖ്യം പ്രാപിച്ചവർ ഉപയോഗിച്ചിട്ടുള്ള പ്രാർത്ഥനകളാണെന്നുള്ളതിനാൽ, അവയെ മാതൃകയാക്കി മറ്റുള്ളവർക്കും പ്രാർത്ഥനകൾ രൂപപ്പെടുത്തുവാനും സഹായകമാകും. മാർ അപ്രേമിന്റെ കീർത്തനങ്ങൾ ആത്മീയമായ അക്ഷയഖനിയാണ്. അതിലെ അനുതാപഗീതങ്ങൾ രോഗാവസ്ഥയിൽ സ്വയമായി പാടുന്നതിനും അനുതാപ ചിന്തകൾ ഹൃദയത്തിൽ ഉയർത്തുന്നതിനും പ്രേരകമാകും.

തിരുവചനം നമുക്കു നൽകുന്ന ആശ്വാസവും ധൈര്യവും അനിർവചനീയമാണ്. നിരന്തരമായി തിരുവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് പ്രത്യാശയും വിശ്വാസവും ജ്വലിപ്പിച്ചു നിർത്തുവാൻ പര്യാപ്തമായ കാര്യം തന്നെ. തിരുവെഴുത്തിൽ നിന്നു തെരഞ്ഞെടുത്ത വാക്യങ്ങൾ, ജീവിതപ്രതിസന്ധിയിൽകൂടി കടന്നുപോകുന്നവർക്ക് വഴിവിളക്കായി തീരാതിരിക്കയില്ല. പ്രത്യാശ ഉണർത്തുന്നതും വിശ്വാസം വളർത്തുന്നതും, ആശ്വാസം പകരുന്നതുമായ വേദവാക്യ

ങ്ങൾ ഒന്നൊന്നായി അയവിറക്കുന്നത് ഒരു വിശിഷ്ടാനുഭവമായിരിക്കും. മിഠായി വായിലിട്ട് അലിയിക്കുന്നതുപോലെ ഓരോ വാക്യവും മനസ്സിൽ കൊണ്ടുവന്ന് അതിന്റെ അർത്ഥവ്യാപ്തിയിലേക്ക് ബോധത്തെ കടത്തിവിടണം. ചില സുവിശേഷഭാഗങ്ങൾ മുഴുവനായി ഉദ്ധരിച്ചിട്ടുള്ളത് ധ്യാനവായന സുഗമമാക്കാനാണ്.

ആത്മപ്രചോദിതമായി രൂപം കൊണ്ടതാണ് ഈ ചെറു കൃതി. ഗ്രന്ഥരചന എന്നുള്ളതല്ല ഇതിന്റെ ലക്ഷ്യം. രോഗത്തിന്റെ കടന്നാക്രമണം തുടർച്ചയായുണ്ടായപ്പോൾ ദൈവത്തിൽ കൂടുതലായി അഭയപ്പെടുവാൻ കഴിഞ്ഞതിന്റെ ആശ്വാസവും അതിൽ നിന്നു രൂപം പൂണ്ട ചിന്തകളുമാണ് ഇതിന്റെ രചനയ്ക്കു പ്രേരകമായിട്ടുള്ളതെന്നറിയാം. ക്രിസ്തുവിൽ എന്റെ സഹോദരനും, സഹപ്രവർത്തകനുമായ കെ. എം. ജോർജ്ജച്ചനും കുടുംബത്തിനും രോഗത്തിന്റെ പ്രതിസന്ധിയിൽ കൂടി കടക്കേണ്ടിവന്നു. അച്ചന്റെ സഹധർമ്മിണി കൊച്ചുമോൾക്ക് കാൻസർ ബാധിച്ചു എന്നു കേട്ടപ്പോൾ ആശങ്കയും ഉത്കണ്ഠയുമുണ്ടായി. ഒരു പ്രാവശ്യം വന്ന് സുഖം പ്രാപിച്ചശേഷം വീണ്ടുമുള്ള കടന്നാക്രമണം കൂടുതൽ പ്രയാസമുളവാക്കിയെങ്കിലും, വിശ്വാസത്തിൽ അധിഷ്ഠിതവും പ്രാർത്ഥനയിൽ ശക്തിപ്പെട്ടതുമായ ഒരു ജീവിതമായതുകൊണ്ട് അവർ തളർന്നു പോയില്ല. ആ സന്ദർഭങ്ങളിലെല്ലാം ഹൃദയത്തിൽ ദൈവം നൽകിയ ചിന്തകളും പ്രാർത്ഥനകളുമാണ് ഇതിൽ രൂപം കൊണ്ടിട്ടുള്ളത്. നിശ്ചയമായും രോഗത്തിന്റെ ശോധനയിൽക്കൂടി കടന്നുപോകുന്നവർക്ക് ഈ കൃതി ഒരനുഗ്രഹമായിരിക്കുമെന്നതിനു സംശയമില്ല. ദൈവത്തിന്റെ ആത്മാവ് അനേകരുടെ ഹൃദയങ്ങളിൽ സാന്ത്വനത്തിന്റെയും പ്രത്യാശയുടെയും പ്രകാശം ചൊരിയുവാൻ ഈ കൃതി സഹായകമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് സന്തോഷപൂർവ്വം അവതരിപ്പിക്കുന്നു.

**സചിവോത്തമപുരം പി. ഒ.**
**കോട്ടയം - 686 532**
**01-06-07**



# 1

# രോഗം അനുഗ്രഹത്തിന്റെ മാർഗ്ഗം

*"പിന്നെ യേശു ഗലീലയിൽ ഒക്കെയും ചുറ്റി സഞ്ചരിച്ചുകൊണ്ട് അവരുടെ പള്ളികളിൽ ഉപദേശിക്കുകയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും ജനത്തിലുള്ള സകല ദീനത്തെയും വ്യാധിയെയും സൗഖ്യമാക്കുകയും ചെയ്തു" (മത്താ. 4:23).*

രോഗം നമുക്ക് ദുഃഖവും ക്ലേശവും സൃഷ്ടിക്കുന്നു. രോഗത്തിന്റെ കാഠിന്യവും ദൈർഘ്യവുമനുസരിച്ച് നമ്മുടെ വേദനകളും ഞെരുക്കങ്ങളും വർദ്ധിക്കുന്നു.

രോഗമില്ലാത്ത ജീവിതമാണ് നാമെല്ലാം ആഗ്രഹിക്കുന്നതെങ്കിലും, നമ്മുടെയോ നമ്മുടെ പ്രിയപ്പെട്ടവരുടെയോ ജീവിതത്തിൽ എപ്പോഴെങ്കിലും രോഗങ്ങൾ കടന്നു വരുന്നു. എത്ര ആശുപത്രികൾ പണിതാലും അവിടെയെല്ലാം രോഗികളെക്കൊണ്ടു നിറയുന്നു.

രോഗങ്ങൾ മൂലം വലയുന്ന മനുഷ്യരുടെ ദുഃഖവും വേദനയും കണ്ട് മനസ്സലിഞ്ഞ കർത്താവായ യേശുക്രിസ്തു തന്റെ അടുക്കൽ വിശ്വാസപൂർവ്വം വന്ന എല്ലാ രോഗികളെയും കരുണയോടെ സൗഖ്യമാക്കി. രോഗികൾക്കു സൗഖ്യം നൽകുന്ന സുപ്രധാനമായ ചുമതല ഏറ്റെടുക്കാൻ ശിഷ്യന്മാരെ പഠിപ്പിച്ചു. രോഗത്തിൽ നിന്നുള്ള സൗഖ്യം ദൈവരാജ്യത്തിന്റെ അടയാളമായിട്ടാണ് കർത്താവ് കണ്ടത്.

നാലു സുവിശേഷങ്ങളിലും ഉടനീളം കർത്താവ് രോഗികൾക്ക്

സൗഖ്യം നൽകുന്ന ഹൃദയസ്പർശിയായ സംഭവങ്ങൾ വിവരിച്ചിരിക്കുന്നു. വാക്കുകൊണ്ടും സ്പർശനം കൊണ്ടും കർത്താവ് സൗഖ്യം നൽകി. ചില രോഗികൾ നേരിട്ടു യേശുവിന്റെ അടുക്കൽ വന്ന് സൗഖ്യത്തിനായി അപേക്ഷിക്കുന്നു. മറ്റു ചിലരുടെ മാതാപിതാക്കളോ ബന്ധുക്കളോ വന്ന് കർത്താവിനോട് അവർക്ക് വേണ്ടി സൗഖ്യം ചോദിക്കുന്നു. യഹൂദന്മാർ അകറ്റിനിർത്തിയിരുന്ന വിജാതീയർ പലരും വന്ന് യഹൂദനായ കർത്താവിനോട് സൗഖ്യാർത്ഥന ചെയ്യുന്നു.

കനാന്യ സ്ത്രീ തന്റെ മകൾക്കുവേണ്ടി കർത്താവിനോട് അപേക്ഷിക്കുന്നു. റോമാക്കാരനായ ശതാധിപൻ വന്ന് തന്റെ ദാസനുവേണ്ടി പ്രാർത്ഥിക്കുന്നു. അവരുടെ വിശ്വാസത്തിന്റെ ആഴം കണ്ട്, രോഗികളെ കാണാതെ തന്നെ കർത്താവ് സൗഖ്യം നൽകുന്നു. യേശുവിന്റെ കുപ്പായത്തിന്റെ വെളുമ്പിൽ വിശ്വാസപൂർവ്വം തൊട്ട രക്തവാർച്ചക്കാരിയായ സ്ത്രീയ്ക്ക് സൗഖ്യം ലഭിക്കുന്നു. കൂനിയായ സ്ത്രീയെപ്പോലെ, തന്നോട് സൗഖ്യം ചോദിക്കാത്ത രോഗികൾക്കും സൗഖ്യം കൊടുക്കാൻ മനസ്സലിവുള്ള കർത്താവ് മനസ്സുവച്ചു. യഹൂദന്മാർ തൊട്ടുകൂടായ്മ കൽപ്പിച്ച് അകറ്റി നിർത്തിയിരുന്ന കുഷ്ഠരോഗികളെ കർത്താവ് ശരീരത്തിൽ തൊട്ട് തന്നെ സൗഖ്യമാക്കി.

മനുഷ്യരുടെ ദുഃഖവും വേദനയും കണ്ട് എപ്പോഴും മനസ്സലിയുന്ന, സൗഖ്യദായകനായ കർത്താവാണ് യേശു. തന്നോട് സൗഖ്യം ചോദിച്ചവർക്ക് ആർക്കും അത് കിട്ടാതിരുന്നില്ല. അതുകൊണ്ട് രോഗാവസ്ഥയിൽ, നാം വിശ്വാസത്തോടും പ്രത്യാശയോടും സ്നേഹത്തോടും കൂടി കർത്താവിനോട് പ്രാർത്ഥിക്കണം. രോഗത്തെക്കുറിച്ചുള്ള ആകുലചിന്തയിൽ നിന്നും മരണത്തെക്കുറിച്ചുള്ള ഭീതിയിൽ നിന്നും നമുക്കു മോചനം ലഭിക്കേണ്ടത് രോഗസൗഖ്യത്തിന് ആവശ്യമാണ്. നമ്മുടെ നിരാശയും ഭയവും ആശങ്കകളുമാണ് രോഗസൗഖ്യത്തെ തടസ്സപ്പെടുത്തുന്നത്. 'എന്റെ ജീവിതത്തിൽ ദൈവത്തിന്റെ ഇഷ്ടം മാത്രം നടക്കണമേ' എന്ന് പ്രാർത്ഥിച്ച് രോഗി സ്വയം ദൈവത്തിന് സമർപ്പിക്കുന്നത് വളരെ സമാധാനവും ശക്തിയും രോഗിക്ക് നൽകും.



## പാപം മൂലമാണോ രോഗം വരുന്നത്?

ഇത് പുരാതനമായ ഒരു ചോദ്യമാണ്. മനുഷ്യവർഗ്ഗത്തിന്റെ വീഴ്ചയും മനുഷ്യന്റെ രോഗാവസ്ഥയും തമ്മിൽ ബന്ധമുണ്ട്. എന്നാൽ ഒരാളിനു രോഗം വരുന്നത് എപ്പോഴും ആ വ്യക്തിയുടെ പാപം മൂലമാണ് എന്ന് ക്രിസ്തീയ സഭ പഠിപ്പിക്കുന്നില്ല. കഠിനമായ രോഗങ്ങൾ വരുന്നവരെ അങ്ങനെ വ്യക്തിപരമായി ആക്ഷേപിക്കുന്നവർ വിദ്യാസമ്പന്നരുടെ ഇടയിൽപ്പോലുമുണ്ട്. എന്നാൽ അത് ക്രിസ്തീയ വിശ്വാസത്തിനോ സാമാന്യയുക്തിക്കോ ഒട്ടും ചേരുന്നതല്ല.

പിറവിയിലേ കുരുടനായ യുവാവിനെ സൗഖ്യമാക്കുന്ന സന്ദർഭത്തിൽ, യേശുവിനോടു ഈ ചോദ്യം ശിഷ്യന്മാർ ചോദിക്കുന്നുണ്ട്. (യോഹ.9:2) 'ഇവനോ ഇവന്റെ അമ്മയപ്പന്മാരോ ആര് പാപം ചെയ്തതുകൊണ്ടാണ് ഇവൻ കുരുടനായി ജനിച്ചത്? വളരെ വ്യക്തമായും ശക്തിയായും യേശു പറഞ്ഞു: 'ഇവനോ ഇവന്റെ അമ്മയപ്പന്മാരോ പാപം ചെയ്തില്ല. ദൈവമഹത്വം ഇവനിൽ വെളിപ്പെടേണ്ടതിനാണ് ഇത് സംഭവിച്ചത്.

നീതിമാനായ ഇയ്യോബിന് മഹാരോഗവും കഠിനമായ കഷ്ടതകളും വന്നപ്പോൾ അവന്റെ സുഹൃത്തുക്കളും ഭാര്യപോലും ആക്ഷേപിച്ചു. അവന്റെ പാപം കൊണ്ടാണ് രോഗവും ആപത്തുകളും വന്നത് എന്ന് അവർ സൂചിപ്പിച്ചു. പക്ഷേ ഇയ്യോബിന്റെ പുസ്തകം വ്യക്തമായി പറയുന്നുണ്ട്, ഇയ്യോബ് നീതിമാനായിരുന്നെന്നും അവന്റെ വ്യക്തിപരമായ പാപം നിമിത്തമല്ല അവന് രോഗവും ക്ലേശവും വന്നതെന്നും. അതൊരു പരീക്ഷണമായിരുന്നു. തന്റെ ആരോഗ്യവും സമ്പത്തും മക്കളുമെല്ലാം നഷ്ടപ്പെട്ടെങ്കിലും ഇയ്യോബ് ദൈവത്തെ തള്ളിപ്പറഞ്ഞില്ല. ദൈവകൃപയിലും നമുക്കു മനസ്സിലാവാത്ത ദൈവിക വ്യാപാരങ്ങളുടെ മഹാരഹസ്യത്തിലും അവൻ അടിയുറച്ചു നിന്നു. അങ്ങനെ പരീക്ഷയിൽ പൂർണ്ണ വിജയം പ്രാപിച്ചു.

ചില രോഗങ്ങൾ മനുഷ്യന്റെ തെറ്റായ പ്രവർത്തനങ്ങളുടെയും ദുശ്ശീലങ്ങളുടെയും നേരിട്ടുള്ള ഫലമായിരിക്കുമെന്ന് നമുക്കറിയാം. ഉദാഹരണമായി, ദീർഘനാൾ പുകവലി ശീലമാക്കിയവർക്ക്

ശ്വാസകോശകാൻസറോ, അമിത മദ്യപാനികൾക്ക് കരൾ രോഗമോ, കുത്തഴിഞ്ഞ ലൈംഗിക ജീവിതം നയിക്കുന്നവർക്ക് എയിഡ്സ് രോഗമോ ഒക്കെ വരാനുള്ള സാദ്ധ്യത താരതമ്യേന കൂടുതലാണ് എന്ന് കണക്കുകൾ കാണിക്കുന്നു. എന്നാൽ ഇങ്ങനെ യാതൊന്നും ചെയ്യാത്ത ധാരാളം പേർക്ക് ഇതേ രോഗങ്ങൾ പിടിപെടുന്നു. നിർമ്മലരായ ശിശുക്കൾക്കും നിഷ്ക്കളങ്കരായ സ്ത്രീകൾക്കുമൊക്കെ ഇങ്ങനെയുള്ള രോഗങ്ങൾ വരുന്നത് അവരുടെ വ്യക്തിപരമായ പ്രവർത്തന ദൂഷ്യം കൊണ്ടാണെന്ന് ആർക്കും പറയാനാവില്ലല്ലോ.

മനുഷ്യവർഗ്ഗത്തെ മുഴുവൻ ഒരു ശരീരമായി കരുതിയാൽ അതിനുള്ളിൽ മനുഷ്യന്റെ വീഴ്ചയും, പാപവും, ദൈവസ്നേഹത്തിൽ നിന്നുള്ള അകൽച്ചയും, രോഗവും കഷ്ടതകളും, യുദ്ധവും ദാരിദ്ര്യവും മരണവുമെല്ലാം തമ്മിൽ ബന്ധമുള്ളതായി കാണാം. എന്നാൽ ഏതെങ്കിലും ഒരു വ്യക്തിയുടെ പാപം നിമിത്തം മാത്രമാണ് ആ വ്യക്തി രോഗത്തിനടിമയാകുന്നത് എന്ന് ഒരിക്കലും കർത്താവോ ശിഷ്യന്മാരോ പഠിപ്പിച്ചിട്ടില്ല. മനുഷ്യ വർഗ്ഗത്തിന്റെ പാപവും, രോഗവും ദു:ഖവും മരണവും നീക്കം ചെയ്ത് നമ്മെ ദൈവസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വഴികാണിക്കാൻ വേണ്ടിയാണ് സ്വർഗ്ഗീയ വൈദ്യനായ യേശുക്രിസ്തു വന്നത്. മനസ്സലിവും സ്നേഹത്തിന്റെ കരുതലുമുള്ള ആ നല്ല വൈദ്യന്റെ അടുത്തേക്കാണ് രോഗികൾ വിശ്വാസപൂർവ്വം ചെല്ലേണ്ടത്.

## പ്രാർത്ഥനയും രോഗസൗഖ്യവും

കൂട്ടായ പ്രാർത്ഥനയ്ക്ക് വളരെ ഫലമുണ്ട്. ആത്മാർത്ഥമായ പ്രാർത്ഥന സവിശേഷമായ ആത്മീകോർജ്ജം പ്രസരിപ്പിക്കുന്നു. വിവിധ വ്യക്തികളിൽ നിന്നും വിവിധ സ്ഥലങ്ങളിൽ നിന്നും ഏക മനസ്സോടെ ഉയരുന്ന പ്രാർത്ഥനയുടെ ഊർജ്ജം രോഗിയെ അദൃശ്യമായി സ്വാധീനിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നു. വലിയ നോമ്പിലെ ഒരു പ്രാർത്ഥനയിൽ ഇങ്ങനെ പറയുന്നു: രോഗികളോ അവരുടെ ബന്ധുക്കളോ രോഗിയുടെ പേര് ഓർത്ത് പ്രാർത്ഥിക്കുന്നതിനായി പള്ളികളിലും പ്രാർത്ഥനാക്കൂട്ടങ്ങളിലും



ഏൽപ്പിക്കുന്നത് ഉത്തമമാണ്. വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിനുമുൻപുള്ള ഒരുക്ക ശുശ്രൂഷയിലും പിന്നീട് കുർബ്ബാനയിൽ വിവിധ സന്ദർഭങ്ങളിലും രോഗികളുടെ പേരുകൾ ഓർത്ത് പ്രാർത്ഥിക്കുന്നു. ധാരാളം വ്യക്തികളും പ്രാർത്ഥനാസംഘങ്ങളും രോഗികൾക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നിരന്തരം നടത്തുന്നുണ്ട്. ഇപ്പോൾ Internet സൗകര്യമുള്ളതുകൊണ്ട് മദ്ധ്യസ്ഥ പ്രാർത്ഥനാവലയം വളരെ വിപുലമായിത്തീർന്നിരിക്കുന്നു. ഇതൊക്കെ സൗഖ്യദായകമായ ശക്തിയെ വ്യാപിപ്പിക്കുന്നു. സുവിശേഷത്തിൽ, കനാന്യ സ്ത്രീയുടെ വിശ്വാസപൂർവ്വമുള്ള അപേക്ഷ മൂലം അവളുടെ മകളെയും വിജാതീയനായ ശതാധിപന്റെ പ്രാർത്ഥന കേട്ട് അവന്റെ ബാല്യക്കാരനെയും നേരിട്ടു കാണാതെ തന്നെ കർത്താവ് സൗഖ്യമാക്കുന്നു. ഇതുപോലെ, മറ്റുള്ളവരുടെ മദ്ധ്യസ്ഥത നിമിത്തം സൗഖ്യം ലഭിക്കുന്ന സംഭവങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

## രോഗം അനുഗ്രഹത്തിന്റെ മാർഗ്ഗം

രോഗത്തെ ശാപമായി കരുതുന്നവർ ഉണ്ടെങ്കിലും, അതിനെ ദൈവാനുഗ്രഹത്തിന്റെ മാർഗ്ഗമായി സ്വീകരിക്കുന്നതാണ് ക്രിസ്തീയ ശൈലി. നീതിയും സത്യവുമുള്ള ജീവിതം നയിക്കുന്നവർക്ക് പലപ്പോഴും ഒരു പരീക്ഷണമെന്ന നിലയിൽ കഠിനരോഗങ്ങളും ക്ലേശങ്ങളും വരാറുണ്ട്. അത്തരം സന്ദർഭങ്ങളെ ആത്മ വിശുദ്ധീകരണത്തിന്റെ അവസരങ്ങളാക്കി അവർ മാറ്റുന്നു. തങ്ങളുടെ ജീവിതത്തിൽ വന്നുപോയിരിക്കാവുന്ന വീഴ്ചകളെയും പാപങ്ങളെയും കുറിച്ച് അനുതപിച്ച് കൂടുതൽ വിശുദ്ധമായ ജീവിതം നയിക്കാനുള്ള ഒരുക്കവും ദൈവസന്നിധിയിലുള്ള ആത്മസമർപ്പണവും അവർ നടത്തുന്നു. പരുമലത്തിരുമേനിയെപ്പോലെ, വിശുദ്ധരെന്ന് നാം കരുതുന്ന മിക്ക വ്യക്തികളും വളരെ വേദനകളും ക്ലേശങ്ങളും രോഗത്തിന്റെ പീഡകളും അനുഭവിച്ചാണ് അവരുടെ ജീവിതമാകുന്ന തീർത്ഥാടനം പൂർത്തിയാക്കിയത്. പക്ഷേ അവരെല്ലാം ആ വേദനകളെ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കുകയും, നമുക്കു പിതാവും മാതാവുമായ സർവ്വ

ശക്തന്റെ കരുണയും കരുതലും അനുഭവിക്കുകയും ചെയ്തു. ഈ നിലപാട് നാമും സ്വീകരിച്ചാൽ, ക്ലേശങ്ങളും വേദനയുമാകുന്ന ചൂളയിലൂടെ ശുദ്ധീകരണം പ്രാപിക്കാനും ദൈവകൃപയുടെ മഹാശക്തിയെ തിരിച്ചറിയാനും നമ്മുടെ രോഗാവസ്ഥ നമ്മെ സഹായിക്കും. അപ്പോൾ ശാപമെന്ന് കരുതിയത് അനുഗ്രഹകാരണമായിത്തീരും. രോഗത്തെ ദൈവത്തിന്റെ സന്ദർശനം (visitation) ആയി കരുതുന്ന ഒരു പാരമ്പര്യമുണ്ട്. നമ്മെ ലഘുവായി ശിക്ഷിച്ച് തിരുത്തുന്നതിനും നമ്മിൽ അനുതാപവും മാനസാന്തരവും ഉണ്ടാകുന്നതിനും ഈ സന്ദർശനം സഹായിക്കും. എങ്കിലും അത് നമ്മെ നശിപ്പിക്കുന്ന ശിക്ഷയല്ല, രക്ഷിക്കുന്ന ശിക്ഷണമാണ്.

“സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ, നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു” (യെശ. 53:4-5).

## സൗഖ്യത്തിനായുള്ള തൈലാഭിഷേകം

അപ്പോസ്തോലിക കാലം മുതൽ സഭ അനുഷ്ഠിച്ചിരുന്ന സൗഖ്യദാന ശുശ്രൂഷയാണ് രോഗികളുടെ തൈലാഭിഷേകം. “നിങ്ങളാൽ ദീനമായി കിടക്കുന്നവൻ സഭയിലെ കശ്ശീശന്മാരെ (മൂപ്പന്മാരെ) വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടു കൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും. എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു, ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. (യാക്കോബ്. 5:14-16).

പാശ്ചാത്യ സഭയുടെ ഉപദേശം ഇവിടെ പടർന്നതു മൂലം, രോഗ



ശാന്തിക്കുള്ള തൈലാഭിഷേകശുശ്രൂഷയെ “അന്ത്യകൂദാശ”യായി പൊതുവെ ആളുകൾ കരുതി. മറ്റു ചില സഭകൾ, അപ്പോസ്തോലന്മാർ പഠിപ്പിക്കുകയും അനുഷ്ഠിക്കുകയും ചെയ്ത തൈലലേപന ശുശ്രൂഷയെ തീർത്തും അവഗണിക്കുകയും ചെയ്തു.

ഗൗരവമായ രോഗങ്ങൾ ബാധിക്കുന്നവർ, വിശുദ്ധ സഭയുടെ ഏറ്റവും ഫലപ്രദവും ഹൃദയസ്പർശിയുമായ ഈ കൂദാശ സ്വീകരിക്കാൻ ഒരിക്കലും മടിക്കരുത്. കുടുംബാംഗങ്ങളും സഹവിശ്വാസികളും ഈ രോഗശാന്തി ശുശ്രൂഷയിൽ പങ്കെടുക്കണം. ഇത് എല്ലാവരുടെയും സൗഖ്യത്തിനും കുടുംബ ജീവിതത്തിന്റെ പുതുക്കത്തിനും സമൂഹത്തിന്റെ അനുരഞ്ജനത്തിനും ഏറ്റവും സഹായകമായ ഒന്നാണ്. ഒരാൾക്ക് രോഗാവസ്ഥയിൽ എത്ര പ്രാവശ്യം വേണമെങ്കിലും ഈ ശുശ്രൂഷ നടത്താവുന്നതാണ്.

എണ്ണയുടെ സൗഖ്യദാന ശേഷി വേദപ്രസിദ്ധമാണ്. യാക്കോബ് ശ്ലീഹാ നിർദ്ദേശിക്കുന്നതുപോലെ, അത് പ്രാർത്ഥനയോടും വിശ്വാസത്തോടും ആർദ്രതയോടും കൂടി രോഗിയുടെ ശരീരത്തിൽ വിവിധ അവയവങ്ങളിൽ പൂശുകയാണ് ഈ കൂദാശയിൽ ചെയ്യുന്നത്. (എണ്ണയ്ക്ക് സ്നേഹമെന്ന് പര്യായമുണ്ട്. എണ്ണ ദൈവത്തിന്റെ ആർദ്ര സ്നേഹത്തിന്റെ അടയാളമാണ്)

യെറുശലേമിൽ കർത്താവിന്റെ കബറിടത്തിൽ നിന്നും, കർത്താവിനെ സ്നേഹിച്ച് തനിക്കുവേണ്ടി ജീവിച്ച് മരിച്ച വിശുദ്ധന്മാരുടെ കബറിടങ്ങളിൽ നിന്നും വിളക്കിലെ എണ്ണയെടുത്ത് ശരീരത്തിൽ പൂശുന്ന രീതി പണ്ടുമുതലേയുണ്ട്. ആളുകൾ പ്രാർത്ഥനയോടും വിശ്വാസത്തോടും പ്രത്യാശയോടും കൂടി അർപ്പിക്കുന്ന എണ്ണയായതിനാൽ അതിൽ രോഗശമനത്തിനു സഹായിക്കുന്ന സാത്വികമായ ശക്തി (Positive energy) ഉണ്ട്. കർത്താവ് തന്നെ തന്റെ ഉമിനീരിൽ മണ്ണു കുഴച്ച് കുരുടന്റെ കണ്ണുകളിൽ പൂശി അവന് സൗഖ്യം നൽകുന്നുണ്ടല്ലോ. ശീലോഹാം കുളത്തിൽ പോയി കുളിച്ച് സൗഖ്യം പ്രാപിക്കാൻ മറ്റൊരു രോഗിയോടു കൽപ്പിക്കുന്നുണ്ട്.

കർത്താവറിയാതെ തന്റെ കുപ്പായത്തിന്റെ വെളുമ്പിൽ വിശ്വാസപൂർവ്വം തൊട്ട് രക്തവാർച്ചക്കാരിയായ സ്ത്രീ സൗഖ്യം പ്രാപിക്കുന്നു. വസ്ത്രത്തിലൂടെ കർത്താവിന്റെ സൗഖ്യശേഷി പ്രസരി

ക്കുന്നതായി സുവിശേഷങ്ങൾ വ്യക്തമാക്കുന്നു. വി. പത്രോസിന്റെയും മറ്റും നിഴലെങ്കിലും രോഗികളുടെ മേൽ പതിച്ചാൽ അവർക്ക് സൗഖ്യം ലഭിക്കുമെന്ന് കരുതി ആളുകൾ രോഗികളെ കൊണ്ടുവരുന്നതായി വേദപുസ്തകം സാക്ഷിക്കുന്നു. (അപ്പോ. പ്ര 5:15 )

## നന്ദി നിറഞ്ഞ ഹൃദയവും സൗഖ്യവും

രോഗം വരുമ്പോൾ 'എനിക്ക് എന്തുകൊണ്ട് ഇങ്ങനെ വന്നു? ഞാനിത് അർഹിക്കുന്നുണ്ടോ? എന്ത് തെറ്റാണ് ഞാൻ ചെയ്തത്? എന്ന് കയ്പ്പോടെ ചിന്തിക്കുന്നവരുണ്ട്. ഇങ്ങനെയുള്ള മനസ്സിന്റെ കയ്പ്പും നിഷേധാത്മക ചിന്തകളും രോഗസൗഖ്യത്തെ തടസ്സപ്പെടുത്തുന്നു. അതിനുള്ള മറുമരുന്നാണ് നന്ദിയോടെയുള്ള ചിന്തകളും സ്തോത്രാർപ്പണവും. ദൈവം നൽകിയിട്ടുള്ള ചെറുതും വലുതുമായ എല്ലാ കൃപകളെയും നന്മകളെയും ഓർത്ത് ഹൃദയത്തെ കൃതജ്ഞതാ നിർഭരമാക്കണം. നമ്മുടെ ഉള്ളിൽ നന്ദിയുണ്ടാവുമ്പോൾ അതോടൊപ്പം സംതൃപ്തിയും സന്തോഷവും ഉണ്ടാകും. ദൈവം നൽകിയിരിക്കുന്ന ജീവനുവേണ്ടിയും വളരെ ലളിതമെന്നു തോന്നുന്ന നമ്മുടെ പ്രാണവായുവിനുവേണ്ടിയും സൂര്യന്റെ പ്രകാശത്തിനുവേണ്ടിയും വെള്ളത്തിനും മണ്ണിനും കാറ്റിനും വേണ്ടിയുമൊക്കെ ദൈവത്തെ നിരന്തരം സ്തുതിക്കണം.

ഭക്ഷണവും മരുന്നും കഴിക്കുമ്പോൾ അത് ജീവനും സൗഖ്യത്തിനുമായി ദൈവം നൽകുന്ന ദാനമായി കരുതി സന്തോഷത്തോടും നന്ദിയോടും കൂടി കഴിക്കണം.

നമ്മെ ശുശ്രൂഷിക്കുന്ന ഡോക്ടർമാരെയും നേഴ്സുമാരെയും മറ്റു സഹായികളെയും ഓർത്ത് നന്ദിയോടെ പ്രാർത്ഥിക്കണം. അവർക്ക് ദൈവം അറിവും വിവേകവും ക്ഷമയും നൽകി, രോഗികൾക്ക് സൗഖ്യം പകർന്നുകൊടുക്കാൻ വേണ്ട ശക്തി നൽകണമേ എന്ന് പ്രാർത്ഥിക്കണം.

## ദൈവ സൃഷ്ടിയുടെ സൗന്ദര്യവും ജീവന്റെ രഹസ്യവും

ശാരീരികമായി അൽപ്പമെങ്കിലും കഴിവുള്ള രോഗികളൊക്കെ



ചെടികളും വൃക്ഷങ്ങളും വളരുന്നത് കണ്ട് ധ്യാനിക്കുന്നത് നല്ലതാണ്. ഒരു ചെടിയിൽ പല ശാഖകളായി അനേകം നാമ്പുകൾ കാണും. ഓരോ നാമ്പും ജീവന്റെ മുളയാണ്. ദൈവത്തിന്റെ സ്നേഹപൂർവ്വമായ സൃഷ്ടിയാണ്. മനുഷ്യർ ചവിട്ടിക്കളയുന്ന വയലിലെ ചെറിയ കാട്ടുപൂക്കളെയും, നാം അവഗണിക്കുന്ന കൊച്ചു കുരുവികളെയും കരുതുന്നവനാണ് നമ്മുടെ ദൈവം. ഒരു കൊച്ചു പൂവോ ഒരിലയോ എടുത്ത്, അതിന്റെ സൗന്ദര്യവും, അതിലൂടെ ദൈവം നൽകുന്ന സൃഷ്ടിശക്തിയും മനനം ചെയ്യണം. അവ വഹിക്കുന്ന അപ്രമേയമായ ജീവന്റെ രഹസ്യത്തെക്കുറിച്ച് നന്ദിയോടെ ധ്യാനിക്കണം. സർവ്വാഭരണ വിഭൂഷിതനായ രാജാവിനെക്കാളും മഹത്വമാണ് വയലിലെ ഇത്തിരിപ്പൂക്കൾക്ക് കർത്താവ് നൽകുന്നത്. ഇവയെക്കാളെല്ലാം ശ്രേഷ്ഠമായി നമ്മെ നിർമ്മിച്ച ദൈവം, നമ്മുടെ തലയിലെ ഒരു മുടി കൊഴിയുന്നതു പോലും അറിയുന്നു.

## ദൈവേഷ്ടം നാം തിരിച്ചറിയണം

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ അറിവോടെയാണ് എന്ന് വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് എനിക്കെന്തു സംഭവിച്ചാലും ഞാൻ എന്റെ കർത്താവിന്റെ കരങ്ങളിലാണ് എന്ന പൂർണ്ണവിശ്വാസവും ബോധ്യവും നമുക്കുണ്ടാകണം.

രോഗം പെട്ടെന്ന് സുഖമായാലും, നീണ്ടുപോയാലും, ആയുഷ്ക്കാലം മുഴുവൻ രോഗത്തോടൊപ്പം ജീവിക്കേണ്ടി വന്നാലും, നമ്മുടെ സമർപ്പണ ബോധവും ശുഭചിന്തയും മനോഭാവവും കൊണ്ട് (positive attitude) അതിനെ രൂപാന്തരപ്പെടുത്താൻ ദൈവം നമ്മെ സഹായിക്കും. ക്ഷമയോടെ രോഗത്തെ സഹിക്കാനുള്ള നൽവരത്തിനായി പ്രാർത്ഥിക്കണം. നമ്മുടെ രോഗം കർത്താവിനെയും തന്റെ കൃപകളെയും സാക്ഷിക്കാനുള്ള അവസരമാക്കണമേ എന്നും പ്രാർത്ഥിക്കണം. രോഗം മൂലം ഈ അനിത്യ ലോകത്തിൽ നിന്ന് വേർപ്പെട്ട് നാം യാത്രയാകണം എന്നാണ് ദൈവഹിതമെങ്കിൽ, നല്ല പ്രത്യാശയോടും ധൈര്യത്തോടും കൂടി മരണത്തെ നേരിടുവാനും നാം തയ്യാറാകണം.

നമ്മുടെ ശരീരത്തിൽ വലിയ ശസ്ത്രക്രിയകൾ നടത്തുമ്പോൾ നമ്മെ ബോധം കെടുത്തുന്നു. പിന്നെ നാമൊന്നുമറിയുന്നില്ല. അതിനുമുമ്പ് നാമോ നമ്മുടെ ബന്ധുക്കളോ ബോധപൂർവ്വം സമ്മതിച്ച്, നമ്മുടെ ശരീരത്തെ സ്വയം സമർപ്പിച്ചാണ് ശസ്ത്രക്രിയ നടത്തുന്നത്. ഏതാണ്ട് ഇതുപോലെ നമുക്ക് രോഗം വരുമ്പോൾ, നാം സ്നേഹപൂർവ്വം നമ്മുടെ ആത്മശരീരമനസ്സുകളെ നമ്മുടെ സ്രഷ്ടാവായ ദൈവത്തിൽ പൂർണ്ണമായും സമർപ്പിക്കണം. ഒട്ടും അവിശ്വസിക്കാതെ, പ്രത്യാശയോടെ സൗഖ്യത്തിനായി കാത്തിരിക്കണം. "തന്നെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു" (റോമർ. 8:28). സൗഖ്യദായകനായ ദൈവത്തിന്റെ വലിയ കരുണ അത്ഭുതകരമായി നമ്മെ വഴി നടത്തും.

## ആന്തരിക സൗഖ്യം

നമുക്കു രോഗങ്ങൾ വരുത്തരുതേയെന്ന് നാമെല്ലാം പ്രാർത്ഥിക്കാറുണ്ട്. അതു നല്ലതു തന്നെ. എന്നാൽ ജീവിതത്തിൽ ഏതെങ്കിലും ഒരവസരത്തിൽ രോഗം ബാധിക്കാത്ത എത്രപേരുണ്ട് ലോകത്തിൽ? ഒരു രോഗവും പിടിക്കാതെ, ദീർഘായുസ്സോടെ ജീവിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽത്തന്നെ, അവരുടെ ലോകത്തിൽ നിന്നുള്ള വേർപാടിന് നിമിത്തമായി ഏതെങ്കിലുമൊരു രോഗം വരും.

രോഗം വന്നാൽ, അതിന്റെ ക്ലേശങ്ങൾ ക്ഷമയോടെ സഹിക്കുന്നതിനും, ദൈവേഷ്ടമെങ്കിൽ പൂർണ്ണ സൗഖ്യം ലഭിക്കുന്നതിനുമാണ് നാം പ്രാർത്ഥിക്കേണ്ടത്. ചില രോഗങ്ങൾ നാം ആഗ്രഹിക്കുന്നതുപോലെ പെട്ടെന്ന് മാറിയെന്നു വരികയില്ല. പക്ഷേ നമ്മുടെ സ്രഷ്ടാവും പരിപാലകനും നല്ല വൈദ്യനുമായ ദൈവത്തിന്റെ സന്നിധിയിലുള്ള പൂർണ്ണ സമർപ്പണവും പ്രസന്ന ചിന്തയും (Positive thinking) കൊണ്ട് നമുക്ക് ആന്തരിക സൗഖ്യം നേടാൻ കഴിയും.

കർത്താവ് തന്റെ തീവ്രമായ കഷ്ടാനുഭവത്തിന് മുൻപ് പ്രാർത്ഥിച്ചത്, 'പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീക്കിക്കളയണമേ' എന്നാണ്. എങ്കിലും, 'എന്റെ ഇഷ്ടമല്ല, അവിടത്തെ ഇഷ്ടം നടക്കണമേ' എന്ന് പ്രാർത്ഥിച്ച്, പിതാവിന് പൂർണ്ണമായും സ്വയം സമർപ്പിച്ചു. ഈ ആത്മസമർപ്പണമാണ് ആന്തരിക സൗഖ്യത്തിലേക്കുള്ള വാതിൽ. പുറമേ ക്ലേശവും വേദനയും നിലനിൽക്കുമ്പോൾ തന്നെ ഉള്ളിൽ ശാന്തിയും പ്രത്യാശയും സ്നേഹവും അനുഭവിക്കാൻ കഴിയുന്നതാണ് ആന്തരിക സൗഖ്യത്തിന്റെ ലക്ഷണം. 'സകല ബുദ്ധിയെയും കവിയുന്ന ഹൃദയസമാധാനം' നമ്മുടെ ഉള്ളിൽ നിറയ്ക്കാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിന് കഴിയും.



## മറ്റു രോഗികൾക്കുവേണ്ടി പ്രാർത്ഥന

രോഗാവസ്ഥയിൽ കഴിയുന്നവർ മറ്റുരോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പരിശീലിക്കണം. 'ഇയ്യോബ് തന്റെ സ്നേഹിതന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ കർത്താവ് അവന്റെ സ്ഥിതിക്ക് ഭേദം വരുത്തി. മുൻപേ ഉണ്ടായിരുന്നതൊക്കെയും കർത്താവ് ഇയ്യോബിന് ഇരട്ടിയായി കൊടുത്തു. (ഇയ്യോ. 42:10). നമ്മെപ്പോലെയോ അതിൽ കൂടുതലായോ വേദനയും മനോഭാരവും അനുഭവിക്കുന്ന രോഗികളുടെ എണ്ണം ലക്ഷോപലക്ഷമാണ്. അവരുടെ നൊമ്പരങ്ങളെയും സൗഖ്യത്തിനുവേണ്ടിയുള്ള അവരുടെ ആഗ്രഹങ്ങളെയും നാം ഏറ്റെടുത്തു കൊണ്ട്, അവർക്ക് വേണ്ടി പ്രാർത്ഥിക്കണം. ലോകത്തിന്റെ മുഴുവൻ സൗഖ്യത്തിനും അനുരഞ്ജനത്തിനും വേണ്ടിയാണ് കർത്താവ് ക്രൂശുമരണത്തോളം പ്രാർത്ഥിച്ചത്. ഈ വലിയ മദ്ധ്യസ്ഥ പ്രാർത്ഥനയിലാണ് നാം ചേരേണ്ടത്. കുരിശിലെ തീവ്രവേദനയിൽപ്പോലും, തന്നെ കുരിശിലേറ്റിയവരോട് ക്ഷമിക്കണമേയെന്നുള്ള പ്രാർത്ഥന, സ്നേഹ നിർഭരമായ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ആത്യന്തിക രൂപമാണ്.

രോഗാവസ്ഥയിൽ നമ്മുടെ ഹൃദയത്തിൽ കയ്പ്പും കാഠിന്യവും നിറയാതെ, ഹൃദയത്തെ ആർദ്രവും അനുതാപപൂർണ്ണവുമായി നിലനിർത്താൻ നമ്മെ സഹായിക്കുന്നത് മറ്റുള്ളവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയാണ്.

# 2

# ഇന്ദ്രിയങ്ങളുടെ വിശുദ്ധീകരണം

മനുഷ്യന് തന്റെ ലോകത്തെക്കുറിച്ച് പ്രാഥമികമായ അറിവു കിട്ടുന്നത് തന്റെ അഞ്ച് ഇന്ദ്രിയങ്ങളിലൂടെയാണ്. കണ്ണ്, ചെവി, മൂക്ക്, നാക്ക്, ചർമ്മം എന്നീ പഞ്ചേന്ദ്രിയങ്ങൾ ശരീരത്തിന്റെ അഞ്ച് വാതിലുകളാണ്. നാം കാണുകയും കേൾക്കുകയും മണക്കുകയും രുചിക്കുകയും സ്പർശിക്കുകയും ചെയ്യുന്നതു മൂലം നമുക്കു കിട്ടുന്ന ആദ്യത്തെ അറിവിനെയാണ്, നമ്മുടെ മനസ്സ് പിന്നീട് പലതരത്തിൽ രൂപാന്തരപ്പെടുത്തുന്നത്.

ഭൗതികമായ അറിവ് നമുക്ക് നൽകുന്ന ഈ അഞ്ച് ബാഹ്യേന്ദ്രിയങ്ങൾക്ക് തുല്യമായി അഞ്ച് ആന്തരികമായ ഇന്ദ്രിയങ്ങളും നമുക്കുണ്ട്. നമ്മുടെ ആത്മീകമായ അറിവിന് സഹായിക്കുന്നത് ഈ അന്തരിന്ദ്രിയങ്ങളാണ്. കാഴ്ച, കേൾവി, ഗന്ധം, രുചി, സ്പർശനം എന്നീ ഇന്ദ്രിയശേഷികളെ നേരാംവണ്ണം വിശുദ്ധമായി നാം ഉപയോഗിച്ചാൽ നമുക്ക് ഉൾക്കാഴ്ച്ച കിട്ടും. ദൈവവചനം കേട്ട് തിരിച്ചറിയാനാവും, നന്മയുടെ സുഗന്ധം അനുഭവിക്കാനാവും, ദിവ്യമായ രുചി ലഭിക്കും, സത്യമായതിനെ തൊട്ടറിയാനാവും. അതുപോലെ തന്നെ ബാഹ്യേന്ദ്രിയങ്ങളെ നാം മലിനപ്പെടുത്തിയാൽ, നമ്മുടെ അന്തരിന്ദ്രിയങ്ങളുടെ ആത്മികശേഷി ഇല്ലാതാവും. തെറ്റായതു കാണുകയും കേൾക്കുകയും മണക്കുകയും രുചിക്കുകയും തൊടുകയും ചെയ്താൽ, നമ്മുടെ അഞ്ച് വാതിലുകളിലൂടെ മനസ്സിലേക്ക് വരുന്നത് ഇരുട്ടും, അഹങ്കാരവും വിദ്വേഷവും അസൂയയും ആർത്തിയും മറ്റുമായിരിക്കും. ഇവ നമ്മെ നശിപ്പിക്കും. നമ്മുടെ ആത്മാവിന്റെ ഇന്ദ്രിയങ്ങളെ മലീമസമാക്കുകയും അട



ച്ചുകളയുകയും ചെയ്യും. നല്ലതും സത്യവും സുന്ദരവുമായതിനെ മാത്രമേ നാം അകത്തേക്ക് കടത്തി വിടാവൂ. അതുകൊണ്ടാണ് നമ്മുടെ സന്ധ്യാപ്രാർത്ഥനയിൽ, എന്റെ അവയവങ്ങളുടെ പുറത്തേക്ക് തുറന്നിരിക്കുന്ന വാതിലുകൾക്ക് കാവൽക്കാരെ നിയമിക്കണമേ' എന്ന് ദൈവത്തോട് അപേക്ഷിക്കുന്നത്.

രോഗികളുടെ തൈലാഭിഷേക ശുശ്രൂഷയിൽ, രോഗിയുടെ പഞ്ചേന്ദ്രിയങ്ങളിൽ സൗഖ്യദായകമായ എണ്ണ പൂശുന്നു. ഇത് ആന്തരിക സൗഖ്യത്തിനും പാപമോചനത്തിനും വിശുദ്ധീകരണത്തിനും വേണ്ടിയാണ്. ഇന്ദ്രിയങ്ങളുടെ വിശുദ്ധീകരണം നാം നിരന്തരം നടത്തേണ്ട ആത്മീകസാധനയാണ്. രോഗമുള്ളവരും ഇല്ലാത്തവരും ചെയ്യേണ്ട ഒന്നാണിത്. എന്നാൽ രോഗാവസ്ഥയിൽ ഇതിന്റെ മൂല്യം തിരിച്ചറിയാൻ നമുക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കും.

*(താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനകൾ രോഗിയുടെ സൗകര്യവും കഴിവുമനുസരിച്ച് സ്വയം ധ്യാനിക്കുകയോ, മറ്റുള്ളവർ സാവധാനം വായിച്ച് കേൾപ്പിക്കുകയോ ചെയ്യാം.)*

## 1. കണ്ണുകൾ (കാഴ്ച)

ലോകത്തിന്റെ വെളിച്ചമായ എന്റെ കർത്താവേ, എന്റെ ബലഹീനമായ കണ്ണുകളിൽ നിന്റെ സത്യവെളിച്ചം പകരണമേ. നിന്റെ ജീവന്റെ പ്രകാശത്തിൽ എന്നെ കൈപിടിച്ചു നടത്തേണമെ. ഇന്നു ഞാൻ നോക്കുന്നതെല്ലാം നിന്റെ സ്നേഹത്തിൽ നോക്കാൻ കരുണ ചെയ്യണമെ. ഇന്നു ഞാൻ കാണുന്നവയെല്ലാം നിന്റെ സ്നേഹത്തിൽ കാണാൻ കരുണ ചെയ്യണമേ. ഇന്നു ഞാൻ കണ്ടുമുട്ടുന്നവരെയെല്ലാം നിന്റെ വിശുദ്ധ രൂപങ്ങളായി കാണാൻ കഴിവ് നൽകണമേ. നീ സ്നേഹപൂർവ്വം സൃഷ്ടിച്ച സകലത്തേയും കണ്ട് സന്തോഷിക്കുവാൻ ഇന്ന് എന്നെ അനുഗ്രഹിക്കണമെ.

നാഥാ, മനോഹരമായ നിന്റെ സൃഷ്ടിക്കു വേണ്ടി ഞാൻ നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുന്നു. ഈ ലോകത്തിലുള്ള സർവ്വവും നിന്റെ കരുണാ ദൃഷ്ടിയിൽ നീ കാണുന്നുവല്ലോ.

യാതൊന്നും നിനക്ക് മറവായിരിക്കുന്നില്ല. സകലവും അറിയുന്ന കർത്താവേ, നിന്റെ അറിവിനാൽ എന്നെ പ്രകാശിപ്പിക്കേണമേ. നിരാശയും തിന്മയുടെ ഇരുട്ടും എന്നിൽ നിന്ന് നീക്കേണമെ. എന്റെ പുറമേയുള്ള കണ്ണുകൾ മങ്ങുമ്പോൾ എന്റെയുള്ളിൽ നിന്റെ നിത്യമായ പ്രകാശവും സൗന്ദര്യവും നൽകണമേ. ത്രിയേക പ്രകാശമായ ദൈവമേ, നിന്റെ ശോഭയും മഹത്വവും കണ്ട് ആനന്ദിച്ചുകൊണ്ട് എന്നാളും നിന്നെ സ്തുതിക്കുവാൻ എനിക്ക് യോഗ്യത നൽകണമേ. ആമീൻ

## 2. കാതുകൾ (കേൾവി)

വചനത്താൽ സകലത്തെയും ഉളവാക്കിയ ദൈവമേ, നിന്റെ വചനം കേൾക്കുവാൻ എന്റെ കാതുകളെ ഒരുക്കണമേ. ജീവനും ശക്തിയുമുള്ള നിന്റെ വചനത്താൽ എന്റെ കേൾവിയെ വിശുദ്ധീകരിച്ച് എന്റെ മനസ്സിനെ രൂപാന്തരപ്പെടുത്തേണമേ. നന്മയിൽ വളരുവാനുള്ള ആഗ്രഹം എന്റെയുള്ളിൽ നിറയ്ക്കേണമേ. കർത്താവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് കേട്ട് ആ ജീവന്റെ വചനത്തെ ഉള്ളിൽ സ്വീകരിച്ച വിശുദ്ധ മാതാവിനെപ്പോലെ, ദൈവമേ നിന്റെ വാക്കുകേട്ട് സ്വീകരിക്കാനുള്ള താഴ്മയും, അത് അനുസരിക്കാനുള്ള മനസ്സൊരുക്കവും എനിക്ക് നൽകണമേ. നിന്റെ തിരുവിഷ്ടം എന്റെ എളിയ ജീവിതത്തിൽ നിറവേറുവാൻ കരുണ ചെയ്യണമേ. ഞങ്ങൾക്കുവേണ്ടി മനുഷ്യാവതാരം ചെയ്ത കർത്താവേ, മനുഷ്യരുടെ ദൂഷണവും പരിഹാസവും നിറഞ്ഞ വാക്കുകൾ നിന്നെ വേദനിപ്പിച്ചു. എങ്കിലും ക്ഷമയുടെയും സ്നേഹത്തിന്റെയും സൗഖ്യത്തിന്റെയും വാക്കുകൾ നീ അവർക്ക് തിരിച്ചുനൽകി. വിശ്വാസപൂർവ്വം നിന്റെ വാക്കുകേട്ടവർ സൗഖ്യം പ്രാപിച്ചു. നിരാശയിലും കഠിനമായ ദുഃഖത്തിലും ഇരുന്നവർ നിന്റെ ലാവണ്യമുള്ള വാക്കുകൾ കേട്ടു സ്വസ്ഥരായി. കർത്താവേ എന്റെ ആന്തരിക കാതുകളെ തുറന്ന്, സൗഖ്യത്തിന്റെ മധുരശബ്ദം എന്നെയും കേൾപ്പിക്കേണമേ. എന്റെ ആന്തരികാവയവങ്ങളെ സുഖപ്പെടുത്തി, എന്റെ വേദനകളെ നീക്കണമേ. നിത്യവും നിന്നെ സ്തുതിക്കുന്ന മാലാഖമാരുടെയും വിശുദ്ധരുടെയും മാധുര്യമുള്ള ഗാനങ്ങൾ



കേൾക്കുവാൻ പാപിയായ എന്നെയും അനുഗ്രഹിക്കണമേ. ആമീൻ

## 3. മൂക്ക് (ഗന്ധം)

സകല രോഗത്തെയും നീക്കുന്ന ഔഷധസസ്യമായ ഞങ്ങളുടെ കർത്താവേ, നീ ഞങ്ങൾക്ക് ജീവന്റെ പരിമളമായിത്തീർന്നതിനാൽ നിന്നെ ഞാൻ സ്തുതിക്കുന്നു.

വിശുദ്ധന്മാരുടെ പ്രാർത്ഥനയാകുന്ന പരിമളധൂപത്തോടൊപ്പം കർത്താവേ, എന്റെ എളിയ പ്രാർത്ഥനയെ സ്വീകരിക്കേണമേ. സുഗന്ധവർഗ്ഗങ്ങളെടുത്ത് പ്രത്യാശയോടെ നിന്റെ കബറിടത്തിൽ എത്തിയ നല്ലവരായ സ്ത്രീകളെപ്പോലെ, നിന്റെ പുതിയ ജീവന്റെ സുഗന്ധം അനുഭവിക്കാൻ എനിക്ക് കൃപ നൽകണമേ. എന്റെ വാക്കുകളും പ്രവൃത്തികളും നിനക്ക് പരിമളവാസനയായിത്തീരണമേ. നിന്റെ സൗഖ്യമാകുന്ന സുഗന്ധം എന്റെയുള്ളിൽ നിറയ്ക്കണമേ. പാപത്തിന്റെ ദുർഗന്ധം നിറഞ്ഞ എന്റെ മനസ്സിനെ വിശുദ്ധീകരിച്ച്, എന്റെ അവയവങ്ങളെ ബലപ്പെടുത്തേണമേ.

ആദ്യമനുഷ്യനായ ആദാമിന്റെ മൂക്കിൽ ജീവശ്വാസം ഊതിയ നാഥാ, നിന്റെ പരിശുദ്ധാത്മശ്വാസം എന്നിൽ നിറയ്ക്കേണമേ. ആ ജീവനുള്ള ശ്വാസം എന്റെ സിരകളിൽ പ്രവേശിച്ച് എന്നെ മുഴുവനും വിശുദ്ധീകരിച്ച് സൗഖ്യമാക്കണമേ.

## 4. ത്വക്ക് (സ്പർശനം)

തന്റെ സ്നേഹത്താൽ സകലത്തെയും സൃഷ്ടിച്ച് രൂപപ്പെടുത്തിയ നാഥാ, ആദി മനുഷ്യനായ ആദാമിനെ മെനഞ്ഞുണ്ടാക്കിയ കൈകളാൽ, പാപിയായ എന്നെ തൊട്ട് സൗഖ്യമാക്കണമെ. എന്റെ അമ്മയുടെ ഉദരത്തിൽ ഞാൻ ഉരുവാകും മുൻപേ എന്നെ അറിഞ്ഞവനായ കർത്താവേ, അത്ഭുതകരമായി എന്നെ സൃഷ്ടിച്ചതിനാൽ നിന്നെ ഞാൻ മഹത്വപ്പെടുത്തുന്നു. എന്റെ ശരീരവും മനസ്സും ബലഹീനമെങ്കിലും അത് നിന്റെ വകയാകുന്നു. എന്റെ ശരീരമനസ്സുകളുടെ പ്രവർത്തനങ്ങളെ കാണുന്നവനും നിയന്ത്രിക്കുന്നവനും, നാഥാ, നീ തന്നെയാകുന്നു. കർത്താവേ നിന്റെ

സ്വർഗ്ഗീയമായ സ്പർശനത്തിന്നായി കാത്തിരുന്ന കുരുടനെയും, കുഷ്ഠരോഗിയെയും നീ തൊട്ട് സൗഖ്യമാക്കി. അത്ഭുതകരമായ ഔഷധശക്തിയുള്ള നിന്റെ കൈകളാൽ ബലഹീനമായ എന്റെ അവയവങ്ങളെയും തൊടേണമെ. നിന്റെ വസ്ത്രത്തിന്റെ വെളുമ്പിൽ തൊട്ട്, ശക്തിയും സൗഖ്യവും പ്രാപിച്ച രോഗിണിയായ സ്ത്രീയെപ്പോലെ, കർത്താവേ നിന്റെ കാരുണ്യത്തിനായി ഞാനും കാത്തിരിക്കുന്നു. നിന്റെ കരുണയാകുന്ന തൈലത്താൽ എന്റെ ആത്മശരീരമനസ്സുകളെ പൂശി, പാപമോചനവും, ശക്തിയും സൗഖ്യവും നൽകി അനുഗ്രഹിക്കണമേ. ജീവന്റെ വസ്ത്രം എന്നെ അണിയിക്കേണമേ. എന്റെ മനസ്സിൽ നിന്ന് എല്ലാ വിദ്വേഷവും അസൂയയും നാശകരമായ ചിന്തകളും നീക്കം ചെയ്ത്, സ്നേഹവും സന്തോഷവും സമാധാനവും അതിൽ നിറയ്ക്കേണമേ.

"കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർത്ത് സംരക്ഷിക്കുന്നതുപോലെ", ഞങ്ങളെ ചേർത്തുകൊള്ളുവാൻ മനസ്സുള്ള കർത്താവേ, നിന്റെ കരുണയുടെ ചിറകിൻ കീഴിൽ ഞങ്ങളെ എല്ലാവരെയും കാത്തുകൊള്ളേണമെ. അമ്മയെപ്പോലെ ഞങ്ങളെ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന കർത്താവേ, നിന്റെ ആശ്ലേഷത്താൽ ഞങ്ങൾക്ക് ജീവൻ നൽകണമേ. നീ വാത്സല്യപൂർവ്വം കൈകൾനീട്ടി എടുത്ത് മാറോടു ചേർത്ത ശിശുക്കളെപ്പോലെ, നിന്റെ മാറിൽ ചേർന്ന് ഉല്ലസിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

കടലിൽ മുങ്ങിപ്പോയ പത്രോസിന് നീ കൈനീട്ടി കൊടുത്ത് അവനെ രക്ഷിച്ചതുപോലെ, കർത്താവേ, നിരാശയിലും വേദനയിലും മുങ്ങിപ്പോകുന്ന എല്ലാവർക്കും പാപിയായ എനിക്കും നിന്റെ ബലമേറിയ കൈകൾ നീട്ടിത്തന്ന്, ജീവന്റെ തുറമുഖത്ത് എത്തിക്കണമേ.

## 5. നാവ് (രുചി)

അവർണ്ണനീയമായ ജീവൻ ഞങ്ങൾക്കു ദാനമായി നൽകിയ പിതാവായ ദൈവമേ, നിന്റെ വലിയ സ്നേഹത്തെ ഓർത്ത് ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. ജീവൻ നിലനിർത്താൻ ആവശ്യമായ സകലതും കാരുണ്യപൂർവ്വം നീ ഞങ്ങൾക്കു നൽകി.



ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ദിനംപ്രതി നിന്നോട് ചോദിക്കുവാൻ നിന്റെ ഏക പുത്രൻ ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നു. ഉചിതമായ ഭക്ഷണം കഴിച്ച് നിന്റെ ദാനമായ ജീവനെ പരിരക്ഷിക്കുവാൻ അഗ്രഹവും രുചിയും നീ ഞങ്ങൾക്ക് നൽകിയതിനാൽ, നിനക്ക് സ്തുതി. പാപികളായ മനുഷ്യരുടെ ഉപയോഗത്തിനായി രുചികരമായ ഫലങ്ങളും, സുഗന്ധവർഗ്ഗങ്ങളും, സസ്യജാലങ്ങളും നീ സൃഷ്ടിച്ചു. ദൈവമേ, ഓരോ നേരവും ഞങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുന്ന സകലവും ഞങ്ങൾക്കു ജീവന്റെ ഭക്ഷണമായിത്തീരണമേ. നിന്റെ സൗഖ്യവും സന്തോഷവും അവയിൽ കലർത്തി, അവയെ ഔഷധശേഷിയുള്ളതാക്കണമേ. ഇന്നു ഞാൻ കഴിക്കുന്ന ആഹാരത്തിലൂടെ നിന്റെ കൃപയെ തിരിച്ചറിയാൻ സഹായിക്കേണമേ. നിന്റെ നിരവധിയായ ദാനങ്ങളെ ഓർത്ത് നന്ദിയോടെ സ്തോത്രം ചെയ്തു കൊണ്ട് ഭക്ഷിക്കുവാനും കുടിക്കുവാനും എന്നെ സഹായിക്കണമേ. കർത്താവേ, നീ നല്ലവൻ എന്ന് രുചിച്ചറിവാൻ പാപിയായ എന്നെ പഠിപ്പിക്കേണമേ.

സകലജീവജാലങ്ങൾക്കും കാരുണ്യപൂർവ്വം ഭക്ഷണം നൽകുന്ന ദൈവമേ, സ്തോത്രത്തോടും നന്ദിയോടും നിന്റെ മഹൽദാനങ്ങളെ രുചിച്ചറിയാൻ കൃപനൽകണമേ. എളിയവനായ എന്നെ കരുതുകയും ഭക്ഷണവും പാനീയവും എനിക്കായി ഒരുക്കുകയും ചെയ്യുന്ന എല്ലാവരെയും അനുഗ്രഹിക്കണമേ. വിശന്നിരിക്കുന്ന എന്റെ എല്ലാ സഹോദരങ്ങളെയും, ആഹാരത്തിനായി കാത്തിരിക്കുന്ന സകല ജീവികളെയും ദൈവമേ നിന്റെ കരുണയാൽ തൃപ്തരാക്കണമേ. അരുചിയിൽ നിന്നും അതിഭക്ഷണത്തിൽ നിന്നും എന്നെ കാത്തുകൊള്ളേണമേ. നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവന്റെ ആഹാരത്തിനായി ആഗ്രഹിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ. എന്റെ രുചിയെ നീ ശുദ്ധീകരിച്ച്, നന്മയും സത്യവും രുചിച്ചറിയാൻ എന്നെ പഠിപ്പിക്കേണമേ. എന്റെ നാവ് നിന്റെ സ്തുതികളെയും എന്റെ അധരങ്ങൾ നിന്റെ മഹത്വത്തെയും ഉൽഘോഷിക്കുവാൻ സംഗതിയാക്കണമേ. ആമീൻ

3

# തൊട്ടു സൗഖ്യമാക്കുന്ന കർത്താവ്

*(വി. യാക്കോബ് ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ, സഭയിലെ കശ്ശീശന്മാരെ വിളിച്ച് രോഗ സൗഖ്യത്തിനായുള്ള തൈലാഭിഷേകം നടത്തുന്നതോടൊപ്പം, രോഗിയ്ക്ക് അനുദിനം നടത്താവുന്ന പല ആത്മശുദ്ധീകരണ മാർഗ്ഗങ്ങളുമുണ്ട്. ഇന്ദ്രിയങ്ങളുടെ വിശുദ്ധീകരണത്തിനും രോഗസൗഖ്യത്തിനുമായി താഴെപ്പറയുന്ന രീതി ഏതു സമയത്തും അവലംബിക്കാം.*

*ശാരീരികമായി കുറച്ചെങ്കിലും ശേഷിയുള്ള രോഗിയാണെങ്കിൽ ഈ വിശുദ്ധീകരണ പ്രാർത്ഥന സ്വയം ധ്യാനപൂർവ്വം നടത്താം. അല്ലെങ്കിൽ വിശ്വാസവും സ്നേഹവുമുള്ള ആരുടെയെങ്കിലും സഹായത്തോടെ ചെയ്യാം. കൈകൾ ഉപയോഗിക്കാൻ പ്രയാസമുണ്ടെങ്കിൽ, മനസ്സിൽ സങ്കൽപ്പിച്ച് ചെയ്യാം.)*

1. *കണ്ണുകളിൽ മാറിമാറി തൊട്ടുകൊണ്ട്:*

കർത്താവേ, നിന്റെ കരുണയുടെ വലതു കൈയാൽ എന്റെ കണ്ണുകളെ തൊടേണമേ. നിന്റെ പ്രകാശം കാണുവാൻ എന്റെ കണ്ണുകളെ ഒരുക്കേണമേ.

2. *ചെവികളെ മാറിമാറി തൊട്ടുകൊണ്ട്:*

കർത്താവേ, നിന്റെ കരുണയുടെ വലതു കൈയാൽ എന്റെ ചെവികളെ തൊടേണമേ. നിന്റെ വചനം കേൾക്കുവാൻ എന്റെ ചെവികളെ ഒരുക്കേണമേ.



3. *മൂക്കിൽ തൊട്ടുകൊണ്ട്:*

കർത്താവേ, നിന്റെ കരുണയുടെ വലതു കൈയാൽ എന്റെ മൂക്കിനെ തൊടേണമേ. നിന്റെ സുഗന്ധം അനുഭവിപ്പാൻ എന്റെ മൂക്കിനെ ഒരുക്കേണമേ.

4. *അധരങ്ങളിൽ തൊട്ടുകൊണ്ട്:*

കർത്താവേ, നിന്റെ കരുണയുടെ വലതു കൈയാൽ എന്റെ നാവിനെ തൊടേണമേ. നിന്നെ രുചിച്ചറിയുവാൻ എന്റെ നാവിനെ ഒരുക്കേണമേ.

5. *വീണ്ടും അധരങ്ങളിൽ തൊട്ടുകൊണ്ട്:*

കർത്താവേ, നിന്റെ കരുണയുടെ വലതു കൈയാൽ എന്റെ അധരങ്ങളെ തൊടേണമേ. നിനക്ക് സ്തുതി പാടുവാൻ എന്റെ അധരങ്ങളെ ഒരുക്കേണമേ.

6. *വലതു കൈ ഇടതു കൈയിൽ പിടിച്ചുകൊണ്ട്:*

കർത്താവേ, നിന്റെ കരുണയുടെ വലതു കൈയാൽ എന്റെ കൈകളെ തൊടേണമേ. നീതിയുടെ ഉപകരണങ്ങളാകാൻ എന്റെ കൈകളെ ഒരുക്കേണമേ.

7. *നെറ്റിയിൽ തൊട്ടുകൊണ്ട്:*

കർത്താവേ, നിന്റെ കരുണയുടെ വലതു കൈയാൽ എന്റെ തലയെ തൊടേണമേ. നിന്നെ തിരിച്ചറിയുവാൻ എന്റെ ചിന്തകളെ ഒരുക്കേണമേ.

8. *നെഞ്ചിൽ തൊട്ടുകൊണ്ട്:*

കർത്താവേ, നിന്റെ കരുണയുടെ വലതു കൈയാൽ എന്റെ ഹൃദയത്തെ തൊടേണമേ. നിന്നെ സ്നേഹിപ്പാൻ എന്റെ ഹൃദയത്തെ ഒരുക്കേണമേ.

9. *ഉദരത്തിൽ തൊട്ടുകൊണ്ട്:*

കർത്താവേ, നിന്റെ കരുണയുടെ വലതു കൈയാൽ എന്റെ ആന്തരികാവയവങ്ങളെ തൊടേണമേ. നിന്നെ അനുഭവിപ്പാൻ എന്റെ ശരീരത്തെ ഒരുക്കേണമേ.

കാൽ മുട്ടുകളിൽ മാറി മാറി തൊട്ടുകൊണ്ട്:

10. കാൽ മുട്ടുകളിൽ മാറി മാറി തൊട്ടുകൊണ്ട്: കർത്താവേ, നിന്റെ കരുണയുടെ വലതു കൈയ്യാൽ എന്റെ കാലുകളെ തൊടേണമേ. നിന്റെ വഴികളിൽ നടക്കുവാൻ എന്റെ കാലുകളെ ഒരുക്കേണമേ.

**യേശുജപം (Jesus Prayer)**

*(താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന അതിപുരാതനമായ ഒന്നാണ്. 'നിരന്തരം പ്രാർത്ഥിക്കുക' (1 തെസ്സ.5:17) എന്ന അപ്പോസ്തോലിക ഉപദേശമനുസരിച്ചാണ്, യേശുനാമത്തിലുള്ള ഈ നിരന്തര പ്രാർത്ഥന (unceasing prayer). ശ്വാസം ഉള്ളിലേക്ക് എടുക്കുകയും പുറത്തേക്കു വിടുകയും ചെയ്യുന്നതിന്റെ താളമനുസരിച്ച് ഈ പ്രാർത്ഥന നിശ്ശബ്ദമായി ചൊല്ലാം. ആദ്യമൊക്കെ ബോധപൂർവ്വം ഇങ്ങനെ പ്രാർത്ഥിച്ച് പരിശീലിക്കാം. പിന്നീട്, തുടർച്ചയായ ശീലം മൂലം അത് നമ്മുടെ ശ്വാസോച്ഛ്വാസത്തിന്റെ ഭാഗമായിത്തീരുകയും നാം ഉറങ്ങുമ്പോഴും ഉണർന്നിരിക്കുമ്പോഴും മുടക്കം കൂടാതെ ഉപബോധമനസ്സിൽ നിന്ന് ഈ പ്രാർത്ഥന ഉയരുകയും ചെയ്യും.)*

**"യേശുവേ, ദൈവപുത്രാ, എന്നോട് കരുണയുണ്ടാകണമേ".**

**(Jesus, Son of God, have mercy on me)**

**അല്ലെങ്കിൽ**

**'യേശുവേ, ദൈവപുത്രാ പാപിയായ എന്നോടു കരുണയുണ്ടാകണമേ** *(Jesus, Son of God, have mercy on me, a sinner)* എന്നു പ്രാർത്ഥിക്കുന്ന രീതിയുമുണ്ട്.



# 4

# ധ്യാന പ്രാർത്ഥനകൾ

**(ഇവിടെ കൊടുത്തിരിക്കുന്ന മിക്ക പ്രാർത്ഥനകളും കാൻസർ രോഗത്തിൽ നിന്ന് സൗഖ്യം പ്രാപിച്ചവരും ചികിൽസയിലിരിക്കുന്നവരും ഉപയോഗിക്കുന്നവയാണ്)**

യേശുവേ, നിത്യപിതാവിന്റെ പുത്രാ,

എന്നെ സഹായിക്കേണമേ

യേശുവേ, വിശുദ്ധമറിയാമിന്റെ മകനേ,

എന്നെ കാത്തു കൊള്ളേണമേ,

യേശുവേ, സ്നേഹത്തിന്റെ ഉറവയേ,

എന്നെ ബലപ്പെടുത്തേണമേ.

യേശുവേ, കരുണയുടെ സമുദ്രമേ

എന്നെ മറച്ചുകൊള്ളേണമേ

യേശുവേ, നല്ല ഇടയാ

എന്റെ പാപങ്ങൾ പൊറുക്കേണമേ.

യേശുവേ, മനസ്സലിവുള്ള സ്വർഗ്ഗീയ വൈദ്യാ,

എന്നെ തൊട്ടു സൗഖ്യമാക്കണമേ.

* * * * * *

2. ഏറ്റവും കരുണയുള്ള കർത്താവേ, എന്റെ രോഗാവസ്ഥയിൽ നീ എന്നോടു കൂടെ ഉണ്ടായിരിക്കണമേ. എന്റെ വേദനയിലും പ്രയാസത്തിലും നിന്റെ സാന്നിദ്ധ്യം എനിക്ക് കൂട്ടായിരുന്ന് എന്നെ ആശ്വസിപ്പിക്കേണമേ. കഴിഞ്ഞ നാളുകളിൽ എന്നെ ഓരോ നിമിഷവും വഴിനടത്തിയ നിന്റെ കൃപയെ ഞാൻ ഓർക്കുന്നു. ഇനിയുള്ള എല്ലാക്കാര്യങ്ങളിലും നിന്റെ ദയയും സ്നേഹവും എന്നിലേക്ക് ഒഴുക്കണമേ. എനിക്ക് ഉള്ളിൽ ശാന്തിയും സമാധാനവും നൽകണമേ. എത്ര വേദനയും ഞെരുക്കവും ഉണ്ടായാലും നിന്നെ സ്തുതിപ്പാനും സ്തോത്രം പാടുവാനും എനിക്ക് മടിയുണ്ടാകരുതേ. എല്ലാറ്റിലും നിന്റെ മഹത്വം കാണാൻ എനിക്ക് കഴിവ് നൽകണമേ.

* * * *

3. സ്നേഹമുള്ള കർത്താവേ, എന്റെ ആചാര്യന്മാരും ബന്ധുക്കളും സ്നേഹിതരുമായ അനേകമാളുകൾ ഇപ്പോൾ രോഗിയായ എനിക്കുവേണ്ടി നിന്നോട് അപേക്ഷിക്കുന്നു. അവരുടെ പ്രാർത്ഥനയെ നിരസിക്കരുതേ. അവരെ ഓരോരുത്തരെയും നന്ദിയോടെ ഞാനിപ്പോൾ ഓർത്ത് പ്രാർത്ഥിക്കുന്നു. എന്റെ എല്ലാ ആവശ്യങ്ങളിലും സഹായിയും കൂട്ടാളിയുമായ കർത്താവേ, രോഗത്തിലും വേദനയിലും ഇരിക്കുന്ന എന്റെ എല്ലാ സഹോദരങ്ങളെയും കരുണയോടെ ആശ്വസിപ്പിക്കേണമേ. നിന്റെ സൗഖ്യത്തിന്റെ ശബ്ദം അവരെ കേൾപ്പിക്കേണമേ. ഇനിയുള്ള ഞങ്ങളുടെ ജീവിതം നിന്റെ ഇഷ്ടപ്രകാരം ജീവിപ്പാനും മറ്റുള്ളവർക്ക് പ്രയോജനം ചെയ്യാനും



ഞങ്ങൾക്ക് അവസരം നൽകണമേ. ഞങ്ങളെ ശുശ്രൂഷിക്കയും ചികിത്സിക്കയും ചെയ്യുന്ന എല്ലാവരെയും ഞങ്ങൾക്കുവേണ്ടി ബുദ്ധിമുട്ടുന്ന എല്ലാവരെയും, കർത്താവേ നീ താങ്ങിക്കൊള്ളേണമേ. സകലവും നിന്റെ തൃക്കരങ്ങളിൽ ഞങ്ങൾ ഭരമേൽപ്പിക്കുന്നു.

* * * * *

4. ഞങ്ങളെ സ്നേഹിച്ചു പരിപാലിപ്പിക്കുന്ന കർത്താവേ, എന്റെ രോഗത്തിലും വേദനയിലും നിന്റെ ശക്തി വെളിപ്പെടുത്തി എന്നെ സൗഖ്യമാക്കണമേ. പരിശുദ്ധ കന്യകമറിയാമിൽ നിന്ന് ജനിച്ച യേശുവേ, നിന്റെ അമ്മയുടെ അപേക്ഷയെ നീ ഒരിക്കലും തള്ളിക്കളയുന്നില്ലല്ലോ. എന്റെ എല്ലാ ബന്ധുമിത്രാദികളെയും ദു:ഖിപ്പിക്കുന്ന എന്റെ രോഗത്തിൽ നിന്നും എനിക്ക് പൂർണ്ണമായ വിടുതൽ തരുവാൻ അമ്മേ, കർത്താവിനോട് പ്രാർത്ഥിക്കണമേ. തന്റെ പുത്രനെ പ്രതി വളരെ ദു:ഖവും വേദനയും അനുഭവിച്ച കൃപനിറഞ്ഞ മാതാവേ, നിന്റെ പ്രാർത്ഥന എനിക്ക് കോട്ടയും കാവലും ആയിരിക്കണമേ. പൂർണ്ണമായ സൗഖ്യം പ്രാപിച്ച് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യദൈവത്തെ സ്തുതിപ്പാൻ, അമ്മേ എനിക്കുവേണ്ടി അപേക്ഷിക്കണമേ.

* * * * *

5. എന്റെ കർത്താവേ നീ അത്ഭുതകരമായി എന്നോടു പ്രവർത്തിച്ചിരിക്കുന്നു. ജീവിതത്തിൽ എനിക്കു നഷ്ടപ്പെട്ടു എന്നു തോന്നിയ അൽപ്പം ചില കാര്യങ്ങൾക്കു പകരമായി നിന്റെ ആർദ്ര സ്നേഹവും നന്മകളും ധാരാളമായി എന്റെ മേൽ നീ വർഷിച്ചിരിക്കുന്നു. അമ്മയുടെ കൈകളിലിരിക്കുന്ന കുഞ്ഞിനെപ്പോലെ

കർത്താവേ, ഞാൻ നിന്റെ കൈകളിൽ സുരക്ഷിതമായിരിക്കുന്നു. എന്റെ കർത്താവേ, ഈ ശരീരം നിന്റേതാകുന്നു. നീ തന്നെ അതിനെ സൗഖ്യമാക്കി സമാധാനപ്പെടുത്തേണമേ.

* * * * *

6. പ്രിയ യേശുവേ, എന്റെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാറ്റിനും വേണ്ടി ഞാൻ നിനക്ക് നന്ദിയും സ്തോത്രവും അർപ്പിക്കുന്നു. നീ എനിക്ക് നൽകിയ വിശ്വാസം എനിക്കുവേണ്ടി ചെയ്യുന്ന ചികിത്സയെ ബലപ്പെടുത്തുന്നു. ചികിത്സ വിശ്വാസത്തിലൂടെ ഫലപ്രദമായിത്തീരുന്നു. എന്റെ കാൻസർരോഗം മാറ്റിത്തരണമേ എന്നു ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു. 2000 വർഷം മുൻപ് വിശുദ്ധ പൗലോസ് തന്റെ ശരീരത്തിലെ ഒരു കഠിനരോഗം - മുള്ള് - മാറ്റിത്തരണമേ എന്നു പ്രാർത്ഥിച്ചു. മൂന്നുപ്രാവശ്യം പൗലോസ് അപേക്ഷിച്ചു. മൂന്നു പ്രാവശ്യവും കർത്താവ് ഉത്തരം കൊടുത്തു: എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി നിന്റെ ബലഹീനതയിൽ പൂർത്തീകരിക്കപ്പെടുന്നു. ശരീരത്തിൽ ആ രോഗവും വഹിച്ച്, വിശുദ്ധ പൗലോസ് യൂറോപ്പു മുഴുവൻ നിനക്കുവേണ്ടി സാക്ഷ്യം വഹിച്ചു. പുതിയ നിയമത്തിന്റെ മൂന്നിലൊന്നു ഭാഗത്തോളം എഴുതുകയും ചെയ്തു. എന്റെ കർത്താവേ, സൗഖ്യത്തോടെ കഴിഞ്ഞ മൂന്നുവർഷം പ്രയോജനകരമായ ജോലിചെയ്യുവാൻ നീ എനിക്കു നൽകിയ കരുണയ്ക്കായി സ്തോത്രം. എന്റെ ദൈവമേ ഇനിയും ഈ രോഗം എന്നെ കീഴടക്കുവാൻ അനുവദിക്കരുതേ. നിന്റെ എല്ലാ മക്കൾക്കും വേണ്ടി ജീവിക്കാനും പ്രവർത്തിക്കാനും എന്നെ അനുഗ്രഹിക്കണമേ.

* * * * *

7. എന്റെ ദൈവമേ, വേദനയനുഭവിക്കുന്ന ഹൃദയങ്ങളെ മനസ്സിലാക്കാനുള്ള തിരിച്ചറിവ് എനിക്ക് നൽകണമേ. രോഗത്തിലും ദുഃഖത്തിലും കഴിയുന്ന എന്റെ സഹോദരങ്ങളുടെ ബലവും ബല



ഹീനതയും, ആശയും നിരാശയും, പരിശ്രമവും പരാജയവും കരുണയോടെ കാണണമേ എന്ന് ഞാനപേക്ഷിക്കുന്നു. സ്നേഹത്തിനു വേണ്ടിയുള്ള അവരുടെ ദാഹവും സ്നേഹിപ്പാനുള്ള അവരുടെ ആഗ്രഹവും അനുഭാവത്തോടെ മനസ്സിലാക്കാൻ എനിക്ക് ശേഷി നൽകണമേ. ഏതു സമയത്തും ജീവിതം ആരംഭിക്കാമെന്നും, നഷ്ടപ്പെട്ടതൊക്കെ വീണ്ടെടുക്കാമെന്നും, എന്റെ വർത്തമാനകാലത്തെ വിശുദ്ധമാക്കാമെന്നും, ഭാവിയെ നിന്റെ ഉതിർന്നുപോകാത്ത സ്നേഹത്താൽ ശോഭനമാക്കാമെന്നും ഞാൻ വിശ്വസിക്കുന്നു. കർത്താവേ നിന്റെ പരിശുദ്ധാത്മാവിനാൽ എന്റെ വിശ്വാസത്തെ ഉറപ്പിക്കേണമേ.

* * * * *

8. എന്റെ രക്ഷയും എന്റെ ജീവനുമായ കർത്താവേ, നിന്നോടുള്ള സ്നേഹം ദിനംപ്രതി എന്നിൽ വർദ്ധിപ്പിക്കേണമേ. ലളിതമായി ജീവിക്കുവാൻ എന്നെ പഠിപ്പിക്കേണമേ. എന്റെ ആഗ്രഹങ്ങൾ മിതമായിരിക്കാൻ എന്നെ സഹായിക്കേണമേ. മറ്റുള്ളവർക്കു വേണ്ടിയുള്ള എന്റെ സ്നേഹവും കരുതലും കൂടുതൽ ആഴമുള്ളതാക്കിത്തീർക്കേണമേ. എന്റെ ജീവിതത്തിന്റെ പരമമായ ലക്ഷ്യം നിന്നിലുള്ള ജീവനാകുന്നു എന്ന് എന്നെ ബോദ്ധ്യപ്പെടുത്തേണമേ. നിന്റെ പരിശുദ്ധാത്മാവിനാൽ എന്നെ ബലപ്പെടുത്തി, നീ എനിക്ക് ദാനമായിത്തന്നിരിക്കുന്ന സമയത്തെ നന്നായി ഉപയോഗിക്കാൻ എന്നെ പഠിപ്പിക്കേണമേ. തിന്മയുള്ള ചിന്തകളും വാക്കുകളും പ്രവൃത്തികളും എന്നിൽ നിന്ന് ദൂരീകരിക്കേണമേ. എന്റെ സ്വഭാവത്തിന്റെ പാരുഷ്യവും സ്നേഹമില്ലായ്മയും മാറ്റി നിന്റെ ആർദ്രതയും എളിമയും എന്നിൽ നിറയ്ക്കേണമേ.

* * * * *

9. ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച്, സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കണമേ.

നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ.
നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.
നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ.
മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ.

(സങ്കീ. 51:10-12)

* * * * *

**10.** എന്റെ കർത്താവും എന്റെ ദൈവവുമായ യേശു മിശിഹാ, നീ നല്ല വൈദ്യനായി ഞങ്ങളെ ആശ്വസിപ്പിക്കുകയും സൗഖ്യമാക്കുകയും ചെയ്യുന്നവനാകുന്നു. ഞങ്ങളുടെ ജീവനും ആയുസ്സും നിന്റെ ദാനമാകുന്നു. നിന്നോട് കരുണയും അനുഗ്രഹങ്ങളും അപേക്ഷിക്കുന്നവരെ നീ ഒരിക്കലും തള്ളിക്കളയുന്നില്ലല്ലോ.

എന്റെ കർത്താവേ, എന്നോട് കരുണതോന്നി, നിന്റെ സൗഖ്യം നിറഞ്ഞ വലതുകൈ പാപിയായ എന്നിൽ ആവസിപ്പിക്കേണമേ. നിന്റെ ശക്തിയാൽ, ശക്തിയില്ലാത്ത എന്നെ ശക്തീകരിക്കണമേ. എന്റെ ശരീരത്തെയും മനസ്സിനെയും വിശുദ്ധീകരിച്ച് സൗഖ്യമാക്കണമേ. എന്റെ അനേകമായ പാപങ്ങളും കടങ്ങളും കരുണയോടെ ക്ഷമിക്കേണമേ. എന്റെ വേദനകളെ നീക്കി, സ്വസ്ഥതയും ധൈര്യവും നൽകണമേ.

യേശുവേ, ദൈവപുത്രാ, എന്നോടു കരുണ തോന്നണമേ.

യേശുവേ, ദാവീദുപുത്രാ, മനസ്സലിഞ്ഞ് എന്നെ സൗഖ്യമാക്കണമേ.

യേശുവേ, കരുണയുള്ള കർത്താവേ, ബലം നൽകി എന്നെ എഴുന്നേൽപ്പിക്കണമേ.

കർത്താവേ, ഈ നിന്റെ എളിയ (ദാസൻ/ദാസി) എഴുന്നേറ്റു നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും



സന്തോഷത്തോടെ സ്തോത്രം ചെയ്‌വാനായി, നിന്റെ മഹാകരുണ എന്നിൽ വർഷിക്കേണമേ. ആമീൻ

## സന്ധ്യാ സ്തുതികൾ

**1)** സ്നേഹപൂർവ്വം ഞങ്ങളെ സൃഷ്ടിക്കുകയും കരുണയോടെ ഞങ്ങളെ പരിപാലിക്കുകയും ചെയ്യുന്ന ദൈവമേ, ഈ ശാന്തമായ സന്ധ്യയിൽ ഞങ്ങൾ ഒരുമിച്ച്, നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുന്നു. വെളിച്ചം മങ്ങുന്ന ഈ വിനാഴികയിൽ നീ ഞങ്ങൾക്ക് പ്രകാശഗോപുരമായിരിക്കേണമേ. ഞങ്ങളുടെ ശരീരങ്ങൾക്ക് വിശ്രമവും മനസ്സിന് സ്വസ്ഥതയും ആത്മാവിന് വെളിച്ചവും നൽകണമേ. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ ഞങ്ങളുടെ എല്ലാ സഹോദരങ്ങളെയും ഇപ്പോൾ ആശ്വസിപ്പിച്ച് സന്തുഷ്ടരാക്കണമേ. ഈ ലോകത്തിന്റെ പ്രതീകമായ രാത്രി കഴിയുവോളം നിന്റെ മഹനീയ സാന്നിദ്ധ്യം അഗ്നിത്തൂണായി ഞങ്ങളെ വഴിനടത്തണമേ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും സ്തുതിയും ആരാധനയും സമർപ്പിക്കുന്നു.

* * * * *

**2)** ആദിയിൽ ഇരുളും വെളിച്ചവും തമ്മിൽ വേർതിരിച്ച്, സമയത്തെ ക്രമപ്പെടുത്തിയ സ്രഷ്ടാവായ ദൈവമേ, പകൽ അവസാനിക്കുകയും രാത്രി ആരംഭിക്കുകയും ചെയ്യുന്ന ഈ സന്ധ്യാസമയത്ത് തിരുസന്നിധിയിൽ ഞങ്ങൾ പ്രത്യാശയോടെ നിൽക്കുന്നു. നിന്റെ മക്കളും നിന്റെ ഏകജാതന് സഹോദരങ്ങളുമായി ഞങ്ങളെ പൂർത്തീകരിച്ചതിനാൽ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. നിന്റെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ രൂപാന്തരപ്പെടുത്തി, ലോകത്തിന് വെളിച്ചം നൽകുന്നവരാക്കി തീർക്കണമേ. ഒരിക്കലും അസ്തമി

ക്കാത്ത ജീവനിലേക്ക് ഞങ്ങളെ വഴിനടത്തണമേ. രാവിലും പകലിലും സന്ധ്യയിലും പുലരിയിലും ഞങ്ങൾ ത്രിയേക ദൈവമായ നിനക്ക് സ്തുതിയും ആരാധനയും സമർപ്പിക്കുമാറാകണമേ.

## പ്രഭാത സ്തുതികൾ

1) 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു' എന്ന് അരുളിയ കർത്താവേ, നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു. സകലത്തിനും കാരണമായ പ്രകാശം നീ തന്നെയാകുന്നു. സൗമ്യമായ ഈ പ്രഭാതത്തിൽ നീതിമതികളും വിശുദ്ധരുമായ സകല മനുഷ്യരോടും ചേർന്ന് നിന്നെ ആരാധിക്കുവാൻ പാപികളായ ഞങ്ങളെയും യോഗ്യരാക്കണമേ. രോഗത്തിലും ദാരിദ്ര്യത്തിലും വിവിധ ക്ലേശങ്ങളിലും പെട്ട് വലയുന്ന ഞങ്ങളുടെ എല്ലാ സഹോദരങ്ങൾക്കും ഇപ്പോൾ ആശ്വാസവും സൗഖ്യവും നൽകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു.

* * * * *

2) ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഉദയം ചെയ്ത നീതിസൂര്യനായ കർത്താവേ, ഈ പുലർകാലത്ത് ഞങ്ങൾ നിന്റെ മഹാ കരുണയെ നന്ദിയോടെ ഓർക്കുന്നു. നിന്റെ ആർദ്രസ്നേഹത്തിന്റെ പ്രകാശം ഞങ്ങളുടെ മുഖത്തും ഹൃദയത്തിലും ഇന്ന് പതിപ്പിക്കേണമേ. പലവിധമായ ദു:ഖങ്ങളിലും തിന്മയുടെ ഇരുട്ടിലുംപെട്ട് ആശയറ്റവർക്ക് നീ പുതിയ വെളിച്ചവും പ്രത്യാശയും നൽകണമേ. ഞങ്ങളുടെ എളിയ ജീവിതങ്ങളെ ഈ പ്രഭാതത്തിൽ നിന്റെ തിരുവിഷ്ടത്തിനായി വീണ്ടും ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങ



ളെല്ലാവരും പ്രകാശത്തിന്റെ മക്കളായിത്തീർന്ന് നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ.

* * * * *

സകലത്തിന്റെയും ഉടയവനായ കർത്താവേ! നിന്റെ അനുഗ്രഹങ്ങളാൽ ഇന്നേദിവസം പാപം കൂടാതെ നീതിയിൽ ജീവിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം എന്നേക്കും പുകഴ്ത്തപ്പെട്ടതും സ്തുതിക്കപ്പെട്ടതുമാകുന്നു.

കർത്താവേ! ഞങ്ങളുടെ ശരണം നിന്റെമേൽ ഇരിക്കുന്ന പ്രകാരം നിന്റെ കൃപയും കരുണയും ഞങ്ങളുടെമേലും ഉണ്ടായിരിക്കണമേ.

നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കൽപ്പനകളുടെ വഴി ഞങ്ങളെ പഠിപ്പിക്കണമേ. നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കൃപകൊണ്ട് നിന്റെ ന്യായപ്രമാണത്തിന്റെ വഴി ഞങ്ങളെ തിരിച്ചറിയിപ്പിക്കേണമേ.

നീ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധനായ കർത്താവേ! നിന്റെ സകല പ്രകാശങ്ങളാലും ഞങ്ങളെ പ്രകാശിപ്പിക്കേണമേ. എന്നേക്കും നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെമേൽ ഉണ്ടായിരിക്കേണമേ. കർത്താവേ! നിന്റെ കൈവേലയെ നീ നിരസിച്ചു തള്ളിക്കളയരുതേ. നിനക്ക് സ്തുതി യോഗ്യമാകുന്നു. നിനക്കു സ്തുതി ചേർച്ചയാകുന്നു. പിതാവും പുത്രനും പരിശുദ്ധറൂഹായുമായു

ള്ളോവേ! എന്നേക്കും നിനക്ക് മഹത്വം യുക്തമാകുന്നു. ആമീൻ

*  *  *  *  *

കർത്താവിനെ സ്തോത്രം ചെയ്യുന്നതും, അത്യുന്നതമായ തന്റെ നാമത്തെ കീർത്തിച്ചുപാടുന്നതും പ്രഭാതകാലത്ത് തന്റെ കൃപയും രാത്രി കാലത്ത് തന്റെ വിശ്വാസവും അറിയിക്കുന്നതും എത്രയും നല്ലതാകുന്നു. കർത്താവേ! പ്രഭാതസമയത്ത് എന്റെ ശബ്ദം കേൾക്കണമേ. പ്രഭാതസമയത്ത് ഞാൻ ഒരുങ്ങി നിനക്ക് കാണപ്പെടുമാറാകണമേ. കർത്താവേ! നിന്റെ ജനത്തോട് കരുണചെയ്യണമേ. കർത്താവേ! ഞങ്ങൾ എല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് മോചിക്കണമേ. പരിശുദ്ധനായുള്ളോവേ! നിന്റെ വലതുതൃക്കൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗത്തെ സൗഖ്യമാക്കണമേ.



# 5

# ധ്യാന കീർത്തനങ്ങൾ

(*a*) മാർ അപ്രേമിന്റെ അനുതാപ ഗീതം

എന്നെത്തന്നെ സന്നിധിയിൽ
കാഴ്ചയണപ്പാനും നാഥാ,
എന്നെ നിനക്കു സുഗന്ധമതായ്
അർപ്പിപ്പാനും കൃപചെയ്ക
　　എൻനാഥാ! നിൻതിരുമുമ്പിൽ
　　ആത്മശരീരമനസ്സുകളെ
　　ശോഭകലർന്ന വിളക്കുകളായ്
　　ഞാൻ കത്തിപ്പാറാകണമേ.
ആത്മശരീരമനസ്സുകളാ-
മെന്നുടെ തിരുമുൽകാഴ്ചകളെ
താതസുതാശ്വാസപ്രദനെ!
അൻപൊടു കൈക്കൊണ്ടീടണമേ.
　　സ്വർഗ്ഗസ്ഥ പിതാവേ! എന്നിൽ
　　മാനസ ശുദ്ധിവരുത്തണമേ
　　ദൈവസുതാ! നീയെന്നാത്മാ-
　　വിന്നു വിശുദ്ധി വരുത്തണമേ.

ആശ്വാസ പ്രദനാകുന്ന
പരിശുദ്ധാത്മാവേ! എന്റെ
ദേഹമശേഷം കൃപയാലെ
പരിപാവനമാക്കീടണമേ.
അന്ത്യദിനത്തിൽ നാഥാ! നീ
സന്തോഷിപ്പിക്കണമെന്നെ
ആത്മശരീരമനസ്സുകൾ നിൻ
സ്തുതിപാടുന്നു കനിയണമേ.

## (b) അനുതാപ കീർത്തനം

കരുണക്കടലേ ഞാൻ നോക്കും
ദേവാ തനയാ എൻപാപം പെരുകി
പിഴകൾ വർദ്ധിച്ചയ്യയ്യോ
കഴുകണമെന്നെ സോപ്പായാൽ
ഏകണമെൻ ബാഷ്പാൽ വെണ്മ
പിതൃസ്നേഹത്താൽ യാചിക്കുന്നേൻ ഞാൻ
ഹസിക്കരുതേ എന്നെ വൈരി
തേറും നരരിൽ ദൂതന്മാർ പ്രീതന്മാരായ്
തീർന്നവർ ചൊല്ലട്ടെ
അനുതാപികളിൽ തൻവാതിൽ
രാപകലിങ്ങു തുറന്നീടും ഹാലേലൂയ്യാ
നാഥാ സ്തുത്യൻ നീ

നോക്കണമെൻ ദുരിതം നാഥാ
പലതര ദോഷം ഞാൻ ചെയ്തു കോപിപ്പിച്ചു
ശരണമെനിക്കില്ല.



വൈദ്യന്മാർപക്കൽ ഞാൻ പോയ്
അവരൗഷധമെല്ലാം ചെയ്തിട്ടില്ലൊരു ഗുണവും
എൻ വ്രണമോ കഠിനം
നൽ വൈദ്യാ നിന്നേയും നിൻ
ഔഷധഗുണവും ഞാൻ കേട്ടു
നിങ്കൽ വരുന്നോൻ സുഖമേൽക്കും നൂനം

എൻ പാപത്തിൽ ഞാൻ ചാകാൻ
ഇടയാകരുതയ്യോ നാഥാ എൻ ബാഷ്പങ്ങൾ
ചൊരിഞ്ഞീടുന്നിപ്പോൾ
അജമോ മാടോ ചെങ്ങാലിയോ
കുറുപ്രാവിൻ കുഞ്ഞുങ്ങളെയോ
കാഴ്ചയതായിട്ടർപ്പിക്കുന്നില്ല
ശെമഓൻ തൻഭവനേ വന്ന
പാപി സ്ത്രീപോലിരുതുള്ളികണ്ണീർ
കണ്ടെന്മേൽ ദയതോന്നണമേ
തിരുജനകൻ സ്നേഹത്താലും
മാതാവിൻ പ്രാർത്ഥനയാലും ഹാലേലൂയ്യാ
പൊറുക്കണമെൻ പിഴകൾ

## (c) രോഗക്കിടക്കയിൽ പാടുന്നതിന്*

*രീതി: (എന്നെത്തന്നെ സന്നിധിയിൽ*
*കാഴ്ച്ചയണപ്പാനും നാഥാ)*

എന്നെപ്രതി വേദനയേറ്റ
യേശുമിശിഹാ കർത്താവേ,
എന്നുടെ വേദനകൾ നീക്കി
സാന്ത്വനമരുളി കാക്കണമേ.

സൗഖ്യം നൽകും നൽവൈദ്യാ,
സ്നേഹമൊടെന്നെ കാത്തിടുക
വിശ്വാസത്തൊടു പ്രത്യാശാ
നിത്യവും എന്നിൽ നിറയ്ക്കണമേ.
നിന്നുടെ കൈപ്പണിയാമെന്നിൽ
പുതുതാക്കണമേ നിൻരൂപം
ജീവൻ നൽകും തിരുരക്തം
എന്നുടെ സിരകളിലോടണമേ
കർത്താവേ നിൻ കരുതലിനെ
നന്ദിയോടെന്നും ഞാനോർക്കും
അഗതികളായോർക്കെല്ലാം നീ
താതനുമമ്മയുമാണല്ലോ
ആശ്വാസപ്രദനാം നാഥാ
നിന്നുടെ മാർവ്വിൽ ചാരി ഞാൻ
ആകുലചിന്തകൾ വേദനയും
ദൂരെയകറ്റും നിൻ കൃപയാൽ
എന്നുടെ സൗഖ്യ പ്രാപ്തിക്കായി
നൽകീടുന്ന മരുന്നുകളിൽ
നിൻവചനത്തിൻ വീര്യത്താൽ
അത്ഭുതശക്തി നിറയ്ക്കണമേ
കർത്താവേ എന്നുടെ കുറവും
ബലഹീനതയും നീക്കണമേ
പാപത്തിൻ മോചനമതിനാൽ
രോഗ വിമോചനമരുളണമേ
രോഗികളായോർക്കെല്ലാം നിൻ
സ്വസ്ഥത നാഥാ നൽകണമേ
ഞങ്ങടെ പ്രാർത്ഥന തിരുമുൻപിൽ
കാഴ്ചയതായിത്തീരണമേ.

*(*Composed by KMG, 2003)*



# 6

## സാന്ത്വന വചനങ്ങൾ

### ധൈര്യം

* കൂരിരുൾ താഴ്‌വരയിൽ കൂടി നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ. നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു (സങ്കീ. 23:4).
* ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ നീ എനിക്ക് ഉത്തരമരുളി, എന്റെ ഉള്ളിൽ ബലം നൽകി എന്നെ ധൈര്യപ്പെടുത്തിയിരിക്കുന്നു (സങ്കീ. 138:3).
* യഹോവ എന്റെ വെളിച്ചവും രക്ഷയുമാകുന്നു; ഞാൻ ആരെ ഭയപ്പെടും; യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും (സങ്കീ. 27:1).
* ഒരു സൈന്യം എന്റെ നേരെ പാളയമിറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല; എനിക്ക് യുദ്ധം നേരിട്ടാലും ഞാൻ നിർഭയമായിരിക്കും (സങ്കീ. 27:3).
* ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ; മനസ്സ് തകർന്നവരെ അവൻ രക്ഷിക്കുന്നു (സങ്കീ. 34:18).
* ഇയ്യോബ് തന്റെ സ്നേഹിതന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ അവന്റെ സ്ഥിതിക്ക് ഭേദം വരുത്തി.

മുൻപേ ഉണ്ടായിരുന്നതൊക്കെയും യഹോവ ഇയ്യോബിന് ഇരട്ടിയായി കൊടുത്തു (ഇയ്യോ. 42:10).

* മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിന്നു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടു കൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും. (1 കൊരി. 10:13).

* എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മക്കായിക്കൂടി വ്യാപരിക്കുന്നു. (റോമ. 8:28).

* നൊടി നേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു (2 കൊരി. 4:17).

* അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും (മത്താ. 11:28).

* ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു. ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ. നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ ഞാൻ നിന്നോടു കൂടി ഇരിക്കും; നദികളിൽക്കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല; നീ തീയിൽ കൂടി നടന്നാൽ വെന്തുപോകയില്ല; അഗ്നി ജ്വാല നിന്നെ ദഹിപ്പിക്കയുമില്ല (യെശ.43:1,2)

* സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതു പോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത് (യോഹ. 14:27).

* എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും (ഫിലി. 4:19).



* യഹോവ തന്നേ നിനക്കു മുമ്പായി നടക്കുന്നു; അവൻ നിന്നോടു കൂടെ ഇരിക്കും; നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല; നീ പേടിക്കരുത്, ഭ്രമിക്കയുമരുത് (ആവ. 31:8).

* നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു (യോഹ. 16:33).

* പ്രാർത്ഥനയിൽ ഉറച്ചുനിൽക്കുക. നിങ്ങളുടെ ഉള്ളിൽ ഉരുത്തിരിയുന്ന അസ്വാസ്ഥ്യങ്ങളെയും ആശങ്കകളെയും ആട്ടിയകറ്റുക. നിങ്ങളുടെ മനസ്സിനെ അലട്ടുകയും പ്രാർത്ഥനയുടെ തീവ്രത കുറയ്ക്കുകയുമാണ് അവയുടെ ഉദ്ദേശ്യം.

*(ഫിലോക്കാലിയ - ഏകാന്തവാസിയായ വി. ഇവാഗ്രിയോസ്)*

## അനുതാപം

* അന്ധനായിരുന്ന ഒരുവന് കാഴ്ച ലഭിച്ച് കർത്താവിനെ കണ്ടതോടെ അവൻ 'ദാവീദ് പുത്രാ' എന്നതിനു പകരം, ക്രിസ്തുവിനെ 'ദൈവപുത്രാ' എന്നു വിളിച്ച് ആരാധിച്ചു. (യോഹ.9:38).

*(ഫിലോക്കാലിയ - താപസ്സനായ വി. മർക്കോസ്).*

* എല്ലാ കഷ്ടാനുഭവങ്ങളും പാപത്തിന്റെ അനന്തര ഫലമാണെന്ന് കരുതരുത്. എന്തെന്നാൽ ദൈവഹിതം അനുഷ്ഠിക്കുന്നവർക്ക് പരീക്ഷണങ്ങളുണ്ടാകുന്നുണ്ട്. 'ദൈവഭയമില്ലാത്തവരും തിന്മയുള്ളവരും ശിക്ഷിക്കപ്പെടുമെന്നും (സങ്കീ. 37:28) എന്നാൽ അതോടൊപ്പം തന്നെ, 'യേശുക്രിസ്തുവിൽ വിശുദ്ധജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെട്ടും' (2 തിമോ. 3:12) എന്നും എഴു

തപ്പെട്ടിട്ടുണ്ട്.' *(ഫിലോക്കാലിയ - താപസ്സനായ വി. മർക്കോസ്).*

* കണ്ണീരൊഴുക്കിക്കൊണ്ട് പ്രാർത്ഥിക്കുക. ദൈവം നിങ്ങളുടെ പ്രാർത്ഥന കേൾക്കും. കണ്ണീരോടെയുള്ള പ്രാർത്ഥന ദൈവത്തെ സന്തുഷ്ടനാക്കുന്നു . *(ഫിലോക്കാലിയ - ഏകാന്തവാസിയായ വി. ഇവാഗ്രിയോസ്).*

## അപേക്ഷ

* എന്റെ ദൈവമേ, ആയുസ്സിന്റെ മദ്ധ്യത്തിൽ എന്നെ എടുത്ത് കളയരുതേ എന്ന് ഞാൻ പറഞ്ഞു; നിന്റെ സംവത്സരങ്ങൾ തലമുറ തലമുറയായിരിക്കുന്നു (സങ്കീ. 102:24).
* അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; എനിക്ക് വേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നേ (സങ്കീ. 57:2).
* നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിന്നു ഞാൻ ചെയ്തു തരും. നിങ്ങൾ എന്റെ നാമത്തിൽ എന്നോടു അപേക്ഷിക്കുന്നതു ഒക്കെയും ഞാൻ ചെയ്തുതരും (യോഹ. 14:13,14).
* ഞാൻ എന്റെ കണ്ണു പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു; എനിക്കു സഹായം എവിടെനിന്നു വരും? എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നു വരുന്നു (സങ്കീ 121:1-2).
* യഹോവേ, എന്നെ സൗഖ്യമാക്കണമേ, എന്നാൽ എനിക്കു സൗഖ്യം വരും; എന്നെ രക്ഷിക്കേണമേ, എന്നാൽ ഞാൻ രക്ഷപെടും; നീ എന്റെ പുകഴ്ചയല്ലോ. (യിരമ്യാ. 17:14)
* എന്റെ ദൈവമായ യഹോവേ, ഞാൻ നിന്നോടു നിലവിളിച്ചു; നീ എന്നെ സൗഖ്യമാക്കുകയും ചെയ്തു (സങ്കീ. 30:2)



* പ്രാർത്ഥന സ്നേഹിക്കപ്പെട്ടതാകുന്നു. സ്നേഹം അതിനെ കരേറ്റുന്നില്ലെങ്കിൽ അതിന്റെ ചിറക് ബലഹീനമാകുന്നു. (വലിയ നോമ്പിലെ പ്രാർത്ഥന. തിങ്കളാഴ്ച പ്രഭാതം).
* കർത്താവേ നിന്നെ സ്നേഹിക്കുന്നവർക്ക് നീ പ്രകാശമാകയാൽ നിന്നാൽ ഞാൻ പ്രകാശിക്കുമാറാകണമേ. പ്രകാശമായ കർത്താവേ, നിന്റെ കരുണയെ കാണുവാൻ എന്റെ കണ്ണുകളെ പ്രകാശിപ്പിക്കേണമേ. ലോകമാകുന്ന യാത്ര ക്ഷണികവും വിരുദ്ധതകൾ നിറഞ്ഞതുമാകുന്നു. നീ പ്രകാശമാകയാൽ നിന്നിൽ നടക്കുന്നവൻ ഇടറിപ്പോകയില്ല. *(വലിയ നോമ്പിലെ പ്രാർത്ഥന. തിങ്കളാഴ്ച രാത്രി)*
* നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു; അവ എല്ലാറ്റിൽ നിന്നും യഹോവ വിടുവിക്കുന്നു (സങ്കീ. 34:19).

## പ്രത്യാശ

* ഞാൻ നിനക്കു സ്തുതി പാടുമ്പോൾ എന്റെ അധരങ്ങളും നീ വീണ്ടെടുത്ത എന്റെ പ്രാണനും ഘോഷിച്ചാനന്ദിക്കും. (സങ്കീ. 71:23).
* ഞാൻ മരിക്കയില്ല; ഞാൻ ജീവനോടെയിരുന്ന് യഹോവയുടെ പ്രവൃത്തികളെ വർണ്ണിക്കും (സങ്കീ. 118:17).
* യഹോവ ഒരു ദോഷവും തട്ടാതെവണ്ണം നിന്നെ പരിപാലിക്കും; അവൻ നിന്റെ പ്രാണനെ പരിപാലിക്കും (സങ്കീ. 121:7).
* യഹോവ അവനെ രോഗശയ്യയിൽ താങ്ങും; ദീനത്തിൽ നീ അവന്റെ കിടക്ക എല്ലാം മാറ്റി വിരിക്കും (സങ്കീ. 41:3).
* ഒരു അനർത്ഥവും നിനക്ക് ഭവിക്കയില്ല; ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കയില്ല (സങ്കീ. 91:10).
* യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക; ധൈര്യപ്പെട്ടിരിക്കുക നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതെ, യഹോവയിങ്കൽ

പ്രത്യാശ വെയ്ക്കുക (സങ്കീ. 27:14).

* ഞാനോ ദൈവത്തെ വിളിച്ചപേക്ഷിക്കും; യഹോവ എന്നെ രക്ഷിക്കും. ഞാൻ വൈകുന്നേരത്തും കാലത്തും ഉച്ചയ്ക്കും സങ്കടം ബോധിപ്പിച്ച് കരയും (സങ്കീ. 55:16,17).
* പ്രാർത്ഥിക്കുന്ന നീ മടി പിടിക്കാതെ ധൈര്യമായിരിക്ക. എന്തെന്നാൽ ദൈവപുത്രന്റെ പ്രാർത്ഥന മുഴുവനും നിന ക്കുവേണ്ടിയാകുന്നു. ശക്തിയുള്ള തന്റെ പ്രാർത്ഥനയിന്മേൽ നിന്റെ പ്രാർത്ഥനയെ കൂട്ടിച്ചേർക്കുക. എന്തെന്നാൽ അതു മൂലം ദൈവം നിന്റെ പ്രാർത്ഥന കൈക്കൊള്ളുന്നു.

*(വലിയ നോമ്പിലെ നമസ്ക്കാരം, വെള്ളിയാഴ്ച രാത്രി)*

## ആശ്വാസം

* കഷ്ടകാലത്ത് നീ എന്നെ വിളിച്ചപേക്ഷിക്കും. ഞാൻ നിന്നെ വിടുവിക്കയും നീ. എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും (സങ്കീ. 50:15).
* നീ എന്റെ പ്രാണനെ മരണത്തിൽ നിന്നും എന്റെ കണ്ണിനെ കണ്ണുനീരിൽ നിന്നും എന്റെ കാലിനെ വീഴ്ചയിൽ നിന്നും രക്ഷിച്ചിരിക്കുന്നു (സങ്കീ. 116:8).
* മനം തകർന്നവരെ അവൻ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യും (സങ്കീ. 147:3).
* അപ്പന് മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു (സങ്കീ. 103:13)
* യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു (സങ്കീ. 34:7).
* അവൻ ക്ഷീണിച്ചിരിക്കുന്നവന് ശക്തി നൽകുന്നു. ബലമില്ലാത്തവനു ബലം വർദ്ധിപ്പിക്കുന്നു (യെശ. 40:29).
* അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ



സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു (സങ്കീ. 103:3).

* നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെ ഉണ്ട്; ഭ്രമിച്ചു നോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും, ഞാൻ നിന്നെ സഹായിക്കും, എന്റെ നീതിയുള്ള വലങ്കൈ കൊണ്ട് ഞാൻ നിന്നെ താങ്ങും (യെശ. 41:10).

## വിശ്വാസം

* യേശു പറഞ്ഞു: നിങ്ങൾക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമത്രേ ഞാൻ വന്നിരിക്കുന്നത് (യോഹ. 10:10).
* എളിയവർ തിന്നു തൃപ്തന്മാർ ആകും; യഹോവയെ അന്വേഷിക്കുന്നവർ അവനെ സ്തുതിക്കും; നിങ്ങളുടെ ഹൃദയം എന്നേയ്ക്കും സുഖത്തോടിരിക്കട്ടെ (സങ്കീ. 22:26).
* ജീവനെ ആഗ്രഹിക്കുകയും നന്മ കാണേണ്ടതിന് ദീർഘായുസ്സ് ഇച്ഛിക്കുകയും ചെയ്യുന്നവൻ ആര്? ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊൾക (സങ്കീ. 34 :12,13).
* നിങ്ങളുടെ ദൈവമായ യഹോവയെ തന്നെ സേവിപ്പിൻ; എന്നാൽ അവൻ നിന്റെ അപ്പത്തെയും വെള്ളത്തെയും അനുഗ്രഹിക്കും; ഞാൻ രോഗങ്ങളെ നിന്റെ നടുവിൽ നിന്ന് അകറ്റിക്കളയും (പുറ. 23:25).
* യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെ മേലും തന്റെ ദയയ്ക്കായി പ്രത്യാശിക്കുന്നവരുടെ മേലും ഇരിക്കുന്നു; അവരുടെ പ്രാണനെ മരണത്തിൽ നിന്നും വിടുവിക്കാനും ക്ഷാമത്തിൽ അവരെ ജീവനോടെ രക്ഷിക്കാനും തന്നെ (സങ്കീ 33:18,19).
* യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ

നിങ്ങൾക്കു തുറക്കും (മത്താ.7:7).

* ഭൂമിയിൽ വെച്ചു നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർക്കു ലഭിക്കും. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോടു പറയുന്നു (മത്താ.18:19-20).
* നിങ്ങൾ വിശ്വസിച്ചുകൊണ്ടു പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും (മത്താ. 21:22).
* മകളെ ധൈര്യപ്പെടുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു (മത്താ. 9:22).
* വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്നു ഞാൻ നിന്നോട് പറഞ്ഞില്ലയോ (യോഹ. 11:40).
* നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനു വേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവു അവനെ എഴുന്നേൽപ്പിക്കും (യാക്കോ.5:14,15).
* ഉറുമ്പിന് ചിറക് മുളയ്ക്കുമെന്നും പുഴു ചിത്രശലഭമായി മാറുമെന്നും, അതുപോലെ അനവധി വിചിത്രവും അപ്രതീക്ഷിതവുമായ കാര്യങ്ങൾ പ്രകൃതിയിൽ നടക്കുന്നുണ്ടെന്നും അൽപ്പ വിശ്വാസിയോ അവിശ്വാസിയോ ആയ ഒരാളെ ബോദ്ധ്യപ്പെടുത്താമോ? എങ്കിൽ അയാൾ തന്റെ നിരാശയും അവിശ്വാസവുമാകുന്ന രോഗത്തെ കുടഞ്ഞുകളഞ്ഞ്, ചിറകുകൾ മുളപ്പിച്ച് പുതിയ തളിരിലകൾ വിടർത്തിത്തുടങ്ങും. 'ഉണങ്ങിയ മരത്തെ തളിർപ്പിക്കുന്നതും, വരണ്ടുപോയ അസ്ഥികൾക്ക് ജീവൻ നൽകുന്നതും ഞാനാകുന്നു' എന്ന് ദൈവം അരുളിച്ചെയ്യുന്നു (യഹസ്ക്കേൽ 17:24, 37:1-14).

*(ഫിലോക്കാലിയ - കാർപതോസിലെ വി. യോഹന്നാൻ)*



## ആശ്രയം

* ഞാനോ എളിയവനും ദരിദ്രനും ആകുന്നു; എങ്കിലും കർത്താവ് എന്നെ വിചാരിക്കുന്നു; നീ തന്നെ എന്റെ സഹായവും എന്നെ വിടുവിക്കുന്നവനും ആകുന്നു (സങ്കീ. 40:17).
* ഞാൻ ദൈവത്തിന്റെ മുൻപാകെ ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിന് നീ എന്റെ പ്രാണനെ മരണത്തിൽ നിന്നും എന്റെ കാലുകളെ ഇടർച്ചയിൽ നിന്നും വിടുവിച്ചുവല്ലോ (സങ്കീ. 56:13).
* യഹോവ പീഡിതന് ഒരഭയസ്ഥാനം; കഷ്ടകാലത്ത് ഒരു അഭയസ്ഥാനം തന്നേ. നിന്റെ നാമത്തെ അറിയുന്നവർ നിങ്കൽ ആശ്രയിക്കും; യഹോവേ, നിന്നെ അന്വേഷിക്കുന്നവരെ നീ ഉപേക്ഷിക്കുന്നില്ലല്ലോ (സങ്കീ. 9:9,10).
* നീ എന്റെ വിലാപത്തെ എനിക്ക് നൃത്തമാക്കി തീർത്തു. എന്റെ രട്ട് നീ അഴിച്ച് നീ എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു (സങ്കീ. 30:11).
* സമാധാനത്തിനായി എനിക്കു അത്യന്തം കൈപ്പായത് ഭവിച്ചു. എങ്കിലും നീ എന്റെ സകല പാപങ്ങളെയും നിന്റെ പിറകിൽ എറിഞ്ഞുകളഞ്ഞതുകൊണ്ട്, എന്റെ പ്രാണനെ നാശക്കുഴിയിൽ നിന്ന് സ്നേഹത്തോടെ രക്ഷിച്ചിരിക്കുന്നു (യെശ. 38:17).

## സ്തോത്രം

* കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലി. 4:4,6,7).

* പാതിരാത്രിയിൽ ദൈവത്തിന്റെ അത്ഭുതങ്ങളെയും അത്യുന്നതന്റെ ന്യായങ്ങളെയും കുറിച്ച് സ്തോത്രം ചെയ്‌വാൻ ദാവീദ് എഴുന്നേറ്റു. അവൻ ആകാശത്തിലേക്കു സൂക്ഷിച്ചു നോക്കി. ആകാശവിതാനത്തെയും പ്രകാശഗോളങ്ങളെയും അവയുടെ അയനത്തിന്റെ അഴകിനെയും കണ്ടു. ശാന്തിയും നിശ്ശബ്ദതയും കണ്ട് അത്ഭുതം നിറഞ്ഞ് സ്തോത്രം ചെയ്തു.

*(വലിയ നോമ്പിലെ പ്രാർത്ഥന - തിങ്കളാഴ്ച രാത്രി)*



7

## ചില പ്രസക്ത സുവിശേഷ ഭാഗങ്ങൾ

*(ഓർത്തഡോക്സ് സുറിയാനി ആരാധനാ പാരമ്പര്യത്തിൽ, വലിയ നോമ്പിലെ ആദ്യ ഞായറാഴ്ചയുടെ സുവിശേഷ വായനയ്ക്ക് ക്രമീകരിച്ചിരിക്കുന്നത് കാനാവിലെ കല്യാണ വിരുന്നിൽ യേശു വെള്ളത്തെ വീഞ്ഞാക്കി രൂപാന്തരപ്പെടുത്തുന്ന സംഭവമാണ്. തന്റെ അമ്മയായ കന്യകമറിയാമിന്റെ സ്നേഹപൂർവ്വമായ മദ്ധ്യസ്ഥത നിമിത്തം മനുഷ്യസ്നേഹവും ആർദ്രതയും മുൻനിർത്തി യേശു പ്രവർത്തിക്കുന്ന ഈ അത്ഭുതകർമ്മത്തെ 'അടയാളങ്ങളുടെ ആരംഭമായി' വി. യോഹന്നാൻ വിശേഷിപ്പിക്കുന്നു. ദൈവം തന്റെ സൃഷ്ടിയായ പ്രകൃതിയെ ശക്തിയും വീര്യവുമുള്ളതാക്കി രൂപാന്തരപ്പെടുത്തുകയാണ്. വെറും സാധാരണമെന്നു കരുതാവുന്ന നമ്മുടെ ബലഹീന സ്വഭാവത്തെ രൂപാന്തരപ്പെടുത്തി തേജസ്സും സൗന്ദര്യവും നമ്മെ താൻ അണിയിക്കുന്നു. പാപവും രോഗവും നമ്മുടെ ഓജസ്സ് നഷ്ടപ്പെടുത്തുമ്പോൾ, നാം ഗുണരഹിതരായിത്തീരുന്നു. കർത്താവ് കാരുണ്യപൂർവ്വം നമ്മെ സൗഖ്യമാക്കി, മനുഷ്യത്വത്തിന്റെ ദിവ്യമായ പൂർണ്ണതയിലേക്ക് നയിക്കുന്നു. അതുകൊണ്ട് സൗഖ്യദാനത്തെ കുറിക്കുന്ന സംഭവപരമ്പരകളുടെ ആരംഭമായി, സൗഖ്യത്തിന്റെയും സന്തോഷത്തിന്റെയും ദൈവരാജ്യത്തിന്റെയും അടയാളമായി വെള്ളത്തെ വീഞ്ഞാക്കുന്ന സുവിശേഷഭാഗം ധ്യാനിക്കാം.*

*യേശു രോഗ സൗഖ്യം നൽകുന്ന സംഭവങ്ങളുടെ നിരയിൽ അവസാനത്തേതായിട്ടാണ് ലാസറിന്റെ ഉയിർപ്പ് വരുന്നത്. നാൽപ്പതു നോമ്പിന്റെ അവസാന ശനിയാഴ്ചത്തെ വായന ലാസറിനെ യേശു ഉയിർപ്പിക്കുന്ന ഭാഗമാണ്. യേശു തന്റെ ഉയിർപ്പിന്റെ മുൻകൂർ സന്ദേശമായിട്ടാവണം തന്റെ പ്രിയ സ്നേഹിതനായ ലാസറിനെ ഉയിർപ്പിക്കുന്നത്. ലാസർ മരിച്ചത് പെട്ടെന്നുണ്ടായ എന്തെങ്കിലും രോഗബാധ മൂലമായിരിക്കണം. രോഗമില്ലാത്തവരും മരിക്കും. അന്തിമമായി മരണമാണ് രോഗം. മരണത്തെ രോഗമായി കാണുന്നതുകൊണ്ടാണ്, ആ രോഗത്തിന് കാരണം മനുഷ്യവർഗ്ഗത്തിന്റെ പാപവും വീഴ്ചയുമാണെന്ന് പറയുന്നത്. മനുഷ്യവർഗ്ഗത്തിലെ അംഗങ്ങളെന്ന നിലയിൽ ലാസറും നാമെല്ലാവരും, ഈ മരണരോഗത്തിന് വിധേയരാണ്. അതുകൊണ്ട് ലാസറിനെ ഉയിർപ്പിക്കുന്നത് സൗഖ്യത്തിന്റെയും ദൈവരാജ്യത്തിന്റെയും മറ്റൊരടയാളമായിക്കാണണം. തിന്മയെയും കഷ്ടതയെയും രോഗത്തെയും മരണത്തെയും അന്തിമമായി കർത്താവ് തന്റെ ഉയിർപ്പിലൂടെ മറികടക്കുന്നു).*

### 1. *യേശു കാനാവിലെ കല്യാണവീട്ടിൽ വെള്ളം വീഞ്ഞാക്കുന്നു.* *(യോഹ. 2:1-11)*

"മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി; യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവിനെയും ശിഷ്യൻമാരെയും കല്യാണത്തിന് ക്ഷണിച്ചിരുന്നു. വീഞ്ഞ് പോരാതെ വരികയാൽ യേശുവിന്റെ അമ്മ അവനോട്: അവർക്ക് വീഞ്ഞ് ഇല്ല എന്നു പറഞ്ഞു. യേശു അവളോട്: സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു. അവന്റെ അമ്മ ശുശ്രൂഷക്കാരോട്: അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്യുവിൻ എന്നു പറഞ്ഞു. അവിടെ യഹൂദന്മാരുടെ ശുദ്ധീകരണനിയമം അനുസരിച്ച് രണ്ടോ മൂന്നോ പറ വീതം കൊള്ളുന്ന ആറ് കൽപ്പാത്രം ഉണ്ടായിരുന്നു. യേശു അവരോട് ഈ കൽപ്പാത്രങ്ങളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് പറഞ്ഞു; അവർ വക്കോളവും



നിറച്ചു. ഇപ്പോൾ കോരി വിരുന്നുവാഴിക്ക് കൊണ്ടുപോയി കൊടുക്കുവിൻ എന്ന് അവൻ പറഞ്ഞു; അവർ കൊണ്ടുപോയി കൊടുത്തു. അത് എവിടെ നിന്ന് എന്ന് വെള്ളം കോരിയ ശുശ്രൂഷക്കാരല്ലാതെ വിരുന്നുവാഴി അറിഞ്ഞില്ല. വീഞ്ഞായിത്തീർന്ന വെള്ളം വിരുന്നുവാഴി രുചിച്ചുനോക്കിയപ്പോൾ മണവാളനെ വിളിച്ചു: എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരി പിടിച്ചശേഷം ഇളപ്പമായതും കൊടുക്കാറുണ്ട്, നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ എന്ന് അവനോട് പറഞ്ഞു. യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വച്ച് ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി; അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു".

### 2. **യേശു കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു.** **(ലൂക്കോ. 5:12-16)**

"അവൻ ഒരു പട്ടണത്തിൽ ഇരിക്കുമ്പോൾ കുഷ്ഠം നിറഞ്ഞൊരു മനുഷ്യൻ യേശുവിനെ കണ്ട് കവിണ്ണുവീണു: കർത്താവേ, നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്ന് അവനോട് അപേക്ഷിച്ചു. യേശു കൈ നീട്ടി അവനെ തൊട്ടു: എനിക്ക് മനസുണ്ട്; ശുദ്ധമാകുക എന്ന് പറഞ്ഞു. ഉടനെ കുഷ്ഠം അവനെ വിട്ടുമാറി. അവൻ അവനോട്: ഇത് ആരോടും പറയരുത്; എന്നാൽ പോയി നിന്നെത്തന്നേ പുരോഹിതന് കാണിച്ച്, അവർക്ക് സാക്ഷ്യത്തിനായി മോശെ കൽപ്പിച്ചതുപോലെ നിന്റെ ശുദ്ധീകരണത്തിനുള്ള വഴിപാട് അർപ്പിക്കുക എന്ന് അവനോട് കൽപ്പിച്ചു. എന്നാൽ അവനെക്കുറിച്ചുള്ള വർത്തമാനം അധികം പരന്നു. വളരെ പുരുഷാരം വചനം കേൾക്കേണ്ടതിനും തങ്ങളുടെ വ്യാധികൾക്ക് സൗഖ്യം കിട്ടേണ്ടതിനും കൂടി വന്നു. അവനോ നിർജ്ജനദേശത്ത് വാങ്ങിപ്പോയി പ്രാർത്ഥിച്ചുകൊണ്ടിരുന്നു".

### 3. യേശു പക്ഷവാതരോഗിയെ സൗഖ്യമാക്കുന്നു.
### (മർക്കോ. 2:1-12)

"ചില ദിവസം കഴിഞ്ഞ ശേഷം അവൻ പിന്നെയും കഫർന്നഹൂമിൽ ചെന്നു; അവൻ വീട്ടിൽ ഉണ്ടെന്ന് ശ്രുതിയായി. ഉടനെ വാതിൽക്കൽപോലും ഇടമില്ലാത്ത വണ്ണം പലരും വന്നുകൂടി, അവൻ അവരോട് തിരുവചനം പ്രസ്താവിച്ചു. അപ്പോൾ നാലാൾ ഒരു പക്ഷവാതക്കാരനെ ചുമന്ന് അവന്റെ അടുക്കൽ കൊണ്ടുവന്നു. പുരുഷാരം നിമിത്തം അവനോട് സമീപിച്ചുകൂടായ്കയാൽ അവൻ ഇരുന്ന സ്ഥലത്തിന്റെ മേൽപുര പൊളിച്ചു തുറന്നു. പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കി വച്ചു. യേശു അവരുടെ വിശ്വാസം കണ്ടിട്ട് പക്ഷവാതക്കാരനോട് : മകനേ, നിന്റെ പാപങ്ങൾ മോചിച്ച് തന്നിരിക്കുന്നു എന്ന് പറഞ്ഞു. അവിടെ ചില ശാസ്ത്രിമാർ ഇരുന്നു: ഇവൻ ഇങ്ങനെ ദൈവദൂഷണം പറയുന്നത് എന്ത്? ദൈവം ഒരുവൻ അല്ലാതെ പാപങ്ങളെ മോചിക്കുവാൻ കഴിയുന്നവൻ ആർ എന്ന് ഹൃദയത്തിൽ ചിന്തിച്ചുകൊണ്ടിരുന്നു. ഇങ്ങനെ അവൻ ഉള്ളിൽ ചിന്തിക്കുന്നത് യേശു മനസ്സിൽ ഗ്രഹിച്ച് അവരോട് : നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കുന്നത് എന്ത്? പക്ഷവാതക്കാരനോട് നിന്റെ പാപങ്ങൾ മോചിച്ച് തന്നിരിക്കുന്നു എന്ന് പറയുന്നതോ, എഴുന്നേറ്റ് കിടക്ക എടുത്തു നടക്ക എന്നു പറയുന്നതോ, ഏതാകുന്നു എളുപ്പം എന്നു ചോദിച്ചു. എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ മനുഷ്യപുത്രന് അധികാരം ഉണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിന് - അവൻ പക്ഷവാതക്കാരനോട് "എഴുന്നേറ്റ് കിടക്ക എടുത്ത് വീട്ടിലേക്ക് പോകുക എന്നു ഞാൻ നിന്നോടു പറയുന്നു" എന്നു പറഞ്ഞു. ഉടനെ അവൻ കിടക്കയെടുത്ത് എല്ലാവരും കാൺകെ പുറപ്പെട്ടു; അതുകണ്ട് എല്ലാവരും വിസ്മയിച്ചു: ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല എന്നു പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തി".

### 4. യേശു ശതാധിപന്റെ ബാല്യക്കാരനെ സൗഖ്യമാക്കുന്നു.
### (മത്താ. 8:5-13)

"അവൻ കഫർന്നഹൂമിൽ എത്തിയപ്പോൾ ഒരു ശതാധിപൻ



വന്ന് അവനോട്: കർത്താവേ, എന്റെ ബാല്യക്കാരൻ പക്ഷവാതം പിടിച്ച് കഠിനമായി വേദനപ്പെട്ട് വീട്ടിൽ കിടക്കുന്നു എന്നപേക്ഷിച്ചു പറഞ്ഞു. അവൻ അവനോട് : ഞാൻ വന്ന് അവനെ സൗഖ്യമാക്കും എന്ന് പറഞ്ഞു. അതിന് ശതാധിപൻ: കർത്താവേ, നീ എന്റെ പുരയ്ക്കകത്ത് വരുവാൻ ഞാൻ യോഗ്യനല്ല: ഒരു വാക്ക് മാത്രം കൽപിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും. ഞാനും അധികാരത്തിൻ കീഴുള്ള മനുഷ്യൻ ആകുന്നു; എന്റെ കീഴിൽ പടയാളികൾ ഉണ്ട്; ഞാൻ ഒരുവനോട് : പോകുക എന്ന് പറഞ്ഞാൽ പോകുന്നു; മറ്റൊരുത്തനോട് വരിക എന്നു പറഞ്ഞാൽ വരുന്നു. ഇതു ചെയ്യുക എന്നു പറഞ്ഞാൽ അവൻ ചെയ്യുന്നു എന്ന് ഉത്തരം പറഞ്ഞു. അത് കേട്ടിട്ട് യേശു അതിശയിച്ച് പിൻചെല്ലുന്നവരോട് പറഞ്ഞത്: യിസ്രായേലിൽക്കൂടെ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല എന്നു ഞാൻ സത്യമായി നിങ്ങളോട് പറയുന്നു. കിഴക്ക് നിന്നും പടിഞ്ഞാറ് നിന്നും അനേകർ വന്ന് അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും. രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. പിന്നെ യേശു ശതാധിപനോട്: പോക, നീ വിശ്വസിച്ചതുപോലെ നിനക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞു ആ നാഴികയിൽ തന്നെ അവന്റെ ബാല്യക്കാരന് സൗഖ്യം വന്നു".

### 5. യേശു നയിനിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്നു.
### (ലൂക്കോ. 7:11-15)

"പിറ്റേന്നാൾ അവൻ നയിൻ എന്ന പട്ടണത്തിലേക്ക് പോകുമ്പോൾ അവന്റെ ശിഷ്യന്മാരും വളരെ പുരുഷാരവും കൂടെ പോയി. അവൻ പട്ടണത്തിന്റെ വാതിലോട് അടുത്തപ്പോൾ മരിച്ചുപോയ ഒരുത്തനെ പുറത്തുകൊണ്ടുവരുന്നു. അവൻ അമ്മയ്ക്ക് ഏകജാതനായ മകൻ; അവളോ വിധവ ആയിരുന്നു. പട്ടണത്തിലെ ഒരു വലിയ പുരുഷാരവും അവളോടുകൂടെ ഉണ്ടായിരുന്നു. അവളെ കണ്ടിട്ട് മനസ്സലിഞ്ഞ് അവളോട്: കരയേണ്ട എന്നു പറഞ്ഞു.

അവൻ അടുത്തു ചെന്ന് മഞ്ചം തൊട്ടു ചുമക്കുന്നവർ നിന്നു. ബാല്യക്കാരാ, എഴുന്നേൽക്കുക എന്ന് ഞാൻ നിന്നോട് പറയുന്നു എന്ന് അവൻ പറഞ്ഞു. മരിച്ചവൻ എഴുന്നേറ്റ് ഇരുന്നു സംസാരിക്കുവാൻ തുടങ്ങി; അവൻ അവനെ അമ്മയ്ക്ക് ഏൽപ്പിച്ചുകൊടുത്തു".

### *6. യേശു രക്തസ്രാവക്കാരിയായ സ്ത്രീയെ സൗഖ്യമാക്കുന്നു. (മർക്കോ. 5:25-34)*

"പന്ത്രണ്ട് സംവത്സരമായിട്ട് രക്തസ്രാവമുള്ളവളായി പല വൈദ്യന്മാരാലും ഏറിയൊന്നു സഹിച്ചു തനിക്കുള്ളതൊക്കെയും ചെലവഴിച്ചിട്ടും ഭേദം വരാതെ ഏറ്റവും പരവശയായിത്തീർന്നിരുന്ന ഒരു സ്ത്രീ യേശുവിന്റെ വർത്തമാനം കേട്ടു: അവന്റെ വസ്ത്രമെങ്കിലും തൊട്ടാൽ താൻ രക്ഷപെടും എന്നു പറഞ്ഞു പുരുഷാരത്തിൽ കൂടെ പുറകിൽ വന്ന് അവന്റെ വസ്ത്രം തൊട്ടു. ക്ഷണത്തിൽ അവളുടെ രക്തസ്രാവം നിന്നു, ബാധ മാറി ഞാൻ സ്വസ്ഥയായി എന്ന് അവൾ ശരീരത്തിൽ അറിഞ്ഞു. ഉടനെ യേശു തങ്കൽ നിന്ന് ശക്തി പുറപ്പെട്ടു എന്ന് ഉള്ളിൽ അറിഞ്ഞിട്ട് പുരുഷാരത്തിൽ തിരിഞ്ഞു: എന്റെ വസ്ത്രം തൊട്ടത് ആര് എന്ന് ചോദിച്ചു. ശിഷ്യന്മാർ അവനോട് പുരുഷാരം നിന്നെ തിക്കുന്നത് കണ്ടിട്ടും എന്നെ തൊട്ടത് ആര് എന്ന് ചോദിക്കുന്നുവോ എന്നു പറഞ്ഞു. അവനോ അത് ചെയ്തവളെ കാണുവാൻ ചുറ്റും നോക്കി. സ്ത്രീ തനിക്ക് സംഭവിച്ചത് അറിഞ്ഞിട്ട്, ഭയപ്പെട്ട് വിറച്ചും കൊണ്ട് വന്ന് അവന്റെ മുമ്പിൽ വീണ് വസ്തുത ഒക്കെയും അവനോട് പറഞ്ഞു. അവൻ അവളോട് : മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞ് സ്വസ്ഥയായിരിക്കുക എന്ന് പറഞ്ഞു".

### *7. യേശു പള്ളിപ്രമാണിയുടെ മകളെ ഉയിർപ്പിക്കുന്നു. (ലൂക്കോ. 8:49-56)*

അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ പള്ളിപ്രമാണിയുടെ ഒരാൾ വന്നു: നിന്റെ മകൾ മരിച്ചുപോയി; ഗുരുവിനെ



പ്രയാസപ്പെടുത്തേണ്ടാ എന്നു പറഞ്ഞു. യേശു അതു കേട്ടാറെ: ഭയപ്പെടേണ്ടാ, വിശ്വസിക്കമാത്രം ചെയ്ക; എന്നാൽ അവൾ രക്ഷിക്കപ്പെടും എന്നു അവനോട് ഉത്തരം പറഞ്ഞു. വീട്ടിൽ എത്തിയാറെ പത്രൊസ്, യോഹന്നാൻ, യാക്കോബ് എന്നിവരെയും ബാലയുടെ അപ്പനെയും അമ്മയേയും അല്ലാതെ ആരെയും അവൻ തന്നോടുകൂടെ അകത്തു വരുവാൻ സമ്മതിച്ചില്ല. എല്ലാവരും അവളെച്ചൊല്ലി കരയുകയും മുറയിടുകയും ചെയ്യുമ്പോൾ: കരയേണ്ടാ, അവൾ മരിച്ചില്ല, ഉറങ്ങുന്നത്രേ എന്നു അവൻ പറഞ്ഞു. അവരോ അവൾ മരിച്ചുപോയി എന്നു അറികകൊണ്ടു അവനെ പരിഹസിച്ചു. എന്നാൽ അവൻ അവളുടെ കൈക്കു പിടിച്ചു; ബാലേ, എഴുന്നേല്ക്കൂ എന്നു അവളോടു ഉറക്കെ പറഞ്ഞു. അവളുടെ ആത്മാവു മടങ്ങിവന്നു, അവൾ ഉടനെ എഴുന്നേറ്റു; അവൾക്കു ഭക്ഷണം കൊടുപ്പാൻ അവൻ കല്പിച്ചു. അവളുടെ അമ്മയപ്പന്മാർ വിസ്മയിച്ചു. സംഭവിച്ചതു ആരോടും പറയരുത് എന്നു അവൻ അവരോടു കല്പിച്ചു.

### *8. യേശു കുരുടന്മാരെ സൗഖ്യമാക്കുന്നു. (മത്താ. 9:27-29)*

"യേശു അവിടെ നിന്ന് പോകുമ്പോൾ രണ്ടു കുരുടന്മാർ : ദാവീദുപുത്രാ, ഞങ്ങളോട് കരുണ തോന്നേണമേ എന്ന് നിലവിളിച്ചു കൊണ്ട് പിന്തുടർന്നു. അവൻ വീട്ടിൽ എത്തിയപ്പോൾ കുരുടന്മാർ അവന്റെ അടുക്കൽ വന്നു. ഇതുചെയ്യുവാൻ എനിക്ക് കഴിയും എന്ന് വിശ്വസിക്കുന്നുവോ എന്ന് യേശു ചോദിച്ചതിന്: ഉവ്വ്, കർത്താവേ, എന്ന് അവർ പറഞ്ഞു; അവൻ അവരുടെ കണ്ണുതൊട്ട്: നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞ ഉടനെ അവരുടെ കണ്ണ് തുറന്നു".

### *9. യേശു രൂപാന്തരപ്പെടുന്നു. (മർക്കോ. 9:2-8)*

ആറുദിവസം കഴിഞ്ഞശേഷം യേശു പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടി ഒരു ഉയർന്ന മലയിലേക്കു തനിച്ചു കൊണ്ടുപോയി അവരുടെ മുമ്പാകെ രൂപാന്തര

പ്പെട്ടു. ഭൂമിയിൽ ഒരു അലക്കുകാരനും വെളുപ്പിപ്പാൻ കഴിയാത വണ്ണം അവന്റെ വസ്ത്രം അത്യന്തം വെളുപ്പായി തിളങ്ങി. അപ്പോൾ ഏലീയാവും മോശെയും അവർക്കു പ്രത്യക്ഷമായി യേശുവിനോടു സംഭാഷിച്ചു കൊണ്ടിരുന്നു. പത്രൊസ് യേശുവിനോടു: റബ്ബീ നാം ഇവിടെ ഇരിക്കുന്നതു നല്ലതു; ഞങ്ങൾ മൂന്നു കുടിൽ ഉണ്ടാക്കട്ടെ; ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലീയാവിനും എന്നു പറഞ്ഞു. താൻ എന്തു പറയേണ്ടു എന്നു അവൻ അറിഞ്ഞില്ല; അവർ ഭയപരവശരായിരുന്നു. പിന്നെ ഒരു മേഘം വന്നു അവരുടെ മേൽ നിഴലിട്ടു: ഇവൻ എന്റെ പ്രിയപുത്രൻ; ഇവന്നു ചെവി കൊടുപ്പിൻ എന്നു മേഘത്തിൽനിന്നു ഒരു ശബ്ദവും ഉണ്ടായി. പെട്ടെന്നു അവർ ചുറ്റും നോക്കിയാറെ തങ്ങളോടുകൂടെ യേശുവിനെ മാത്രം അല്ലാതെ ആരെയും കണ്ടില്ല.

### *10. യേശു വിക്കനായ ബധിരനെ സൗഖ്യമാക്കുന്നു.*

*(മർക്കോ. 7:31-35)*

"അവൻ വീണ്ടും സോരിന്റെ അതിർ വിട്ട് സീദോൻ വഴിയായി ദെക്കപ്പൊലി ദേശത്തിന്റെ നടുവിൽക്കൂടി ഗലീലക്കടൽപ്പുറത്ത് വന്നു. അവിടെ അവർ വിക്കനായ ഒരു ചെകിടനെ അവന്റെ അടുക്കൽ കൊണ്ടുവന്ന്, അവന്റെ മേൽ കൈവെക്കണം എന്ന് അപേക്ഷിച്ചു. അവൻ അവനെ പുരുഷാരത്തിൽ നിന്നും വേറിട്ട് കൂട്ടിക്കൊണ്ടുപോയി അവന്റെ ചെവിയിൽ വിരൽ ഇട്ട്, തുപ്പി അവന്റെ നാവിനെ തൊട്ടു, സ്വർഗ്ഗത്തേയ്ക്ക് നോക്കി നെടുവീർപ്പിട്ട് അവനോട്: തുറന്നുവരിക എന്ന് അർത്ഥമുള്ള 'എഫഥാ' എന്നു പറഞ്ഞു. ഉടനെ അവന്റെ ചെവി തുറന്നു. നാവിന്റെ കെട്ടും അഴിഞ്ഞിട്ട് അവൻ ശരിയായി സംസാരിച്ചു".

### *11. യേശു കൂനിയായ സ്ത്രീയെ സൗഖ്യമാക്കുന്നു.*

*(ലൂക്കോ. 13:10-16)*

"ഒരു ശബത്തിൽ അവൻ ഒരു പള്ളിയിൽ ഉപദേശിച്ചുകൊണ്ടിരുന്നു. അവിടെ പതിനെട്ട് സംവൽസരമായി ഒരു രോഗാത്മാവ്



ബാധിച്ചിട്ട് ഒട്ടും നിവരുവാൻ കഴിയാതെ കൂനിയായ ഒരു സ്ത്രീ ഉണ്ടായിരുന്നു. യേശു അവളെ കണ്ട് അടുക്കൽ വിളിച്ച്: സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു എന്ന് പറഞ്ഞ് അവളുടെ മേൽ കൈവച്ചു. അവൾ ക്ഷണത്തിൽ നിവർന്ന് ദൈവത്തെ മഹത്വപ്പെടുത്തി. യേശു ശബത്തിൽ സൗഖ്യമാക്കിയത് കൊണ്ട് പള്ളിപ്രമാണി നീരസപ്പെട്ട് പുരുഷാരത്തോട്: വേല ചെയ്യുവാൻ ആറ് ദിവസമുണ്ടല്ലോ; അതിനകം വന്ന് സൗഖ്യം വരുത്തിച്ച് കൊള്ളുവിൻ; ശബത്തിൽ അരുത് എന്ന് പറഞ്ഞു. കർത്താവ് അവനോട്: കപടഭക്തിക്കാരേ, നിങ്ങളിൽ ഓരോരുത്തൻ ശബത്തിൽ തന്റെ കാളയെയോ കഴുതയെയോ തൊട്ടിയിൽ നിന്ന് അഴിച്ച് കൊണ്ടുപോയി വെള്ളം കുടിപ്പിക്കുന്നില്ലയോ? എന്നാൽ സാത്താൻ പതിനെട്ട് സംവൽസരമായി ബന്ധിച്ചിരുന്ന അബ്രഹാമിന്റെ മക്കളായ ഇവളെ ശബത്ത് നാളിൽ ഈ ബന്ധനം അഴിച്ച് വിടേണ്ടതല്ലയോ എന്ന് ഉത്തരം പറഞ്ഞു".

### *12. യേശു കനാന്യസ്ത്രീയുടെ മകളെ സൗഖ്യമാക്കുന്നു.*

*(മത്താ. 15:21-28)*

യേശു അവിടം വിട്ടു, സോർ സീദോൻ എന്ന പ്രദേശങ്ങളിലേക്കു വാങ്ങിപ്പോയി. ആ ദേശത്തുനിന്നു ഒരു കനാന്യസ്ത്രീ വന്നു, അവനോടു: കർത്താവേ, ദാവീദ് പുത്രാ, എന്നോടു കരുണ തോന്നേണമേ; എന്റെ മകൾക്കു ഭൂതോപദ്രവം കഠിനമായിരിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു. അവൻ അവളോടു ഒരു വാക്കും ഉത്തരം പറഞ്ഞില്ല; അവന്റെ ശിഷ്യന്മാർ അടുക്കെ വന്നു: അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ടു വരുന്നു; അവളെ പറഞ്ഞയക്കേണമേ എന്നു അവനോടു അപേക്ഷിച്ചു. അതിന്നു അവൻ: യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല എന്നു ഉത്തരം പറഞ്ഞു. എന്നാൽ അവൾ വന്നു: കർത്താവേ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ എന്നു പറഞ്ഞു. യേശു അവളോടു: സ്ത്രീയേ, നിന്റെ വിശ്വാസം വലിയതു; നിന്റെ ഇഷ്ടംപോലെ നിനക്കു ഭവിക്കട്ടെ എന്നു ഉത്തരം പറഞ്ഞു. ആ നാഴികമുതൽ അവളുടെ മകൾക്കു സൗഖ്യം വന്നു.

### 13. യേശു ഭൂതബാധിതനെ സൗഖ്യമാക്കുന്നു.

**(മത്തായി. 17:14-21)**

"അവർ പുരുഷാരത്തിന്റെ അടുക്കൽ വന്നപ്പോൾ ഒരു മനുഷ്യൻ അവന്റെ മുമ്പാകെ വന്ന് മുട്ടുകുത്തി: കർത്താവേ, എന്റെ മകനോട് കരുണ ഉണ്ടാകണമേ; അവൻ ചന്ദ്രരോഗം പിടിച്ച് പലപ്പോഴും തീയിലും വെള്ളത്തിലും വീണ് വല്ലാത്ത കഷ്ടത്തിലായിപ്പോകുന്നു. ഞാൻ അവനെ നിന്റെ ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നു; എന്നാൽ സൗഖ്യം വരുത്തുവാൻ അവർക്ക് കഴിഞ്ഞില്ല എന്നു പറഞ്ഞു. അതിന് യേശു: അവിശ്വാസവും കോട്ടവുമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളോട് കൂടെ ഇരിക്കും; എത്രത്തോളം നിങ്ങളെ സഹിക്കും? അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്ന് ഉത്തരം പറഞ്ഞു. യേശു ഭൂതത്തെ ശാസിച്ചു, അത് അവനെ വിട്ടുപോയി, ബാലന് ആ നാഴിക മുതൽ സൗഖ്യം വന്നു. പിന്നെ ശിഷ്യന്മാർ സ്വകാര്യമായി യേശുവിന്റെ അടുക്കൽ വന്നു; ഞങ്ങൾക്ക് അതിനെ പുറത്താക്കിക്കൂടാതിരുന്നത് എന്ത് എന്ന് ചോദിച്ചു. അവൻ അവരോട്: നിങ്ങളുടെ അൽപവിശ്വാസം നിമിത്തമത്രേ; നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് : ഇവിടെ നിന്ന് അങ്ങോട്ട് നീങ്ങുക എന്നു പറഞ്ഞാൽ അത് നീങ്ങും; നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകയില്ല (എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല) എന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു എന്ന് പറഞ്ഞു".

### 14. യേശു കാറ്റിനെയും കടലിനെയും ശാന്തമാക്കുന്നു.

**(മർക്കോ. 4:35-41)**

"അന്ന് സന്ധ്യയായപ്പോൾ : നാം അക്കരയ്ക്ക് പോക എന്ന് അവൻ അവരോട് പറഞ്ഞു. അവർ പുരുഷാരത്തെ വിട്ട്, താൻ പടകിൽ ഇരുന്നപാടെ അവനെ കൊണ്ടുപോയി; മറ്റ് ചെറുപടകുകളും കൂടെ ഉണ്ടായിരുന്നു. അപ്പോൾ വലിയ ചുഴലിക്കാറ്റ് ഉണ്ടായി. പടകിൽ തിര തള്ളിക്കയറുകകൊണ്ട് അത് മുങ്ങാറായി. അവൻ അമരത്ത് തലയണ വച്ച് ഉറങ്ങുകയായിരുന്നു. അവർ



അവനെ ഉണർത്തി: ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്ക് വിചാരമില്ലയോ എന്ന് പറഞ്ഞു. അവൻ എഴുന്നേറ്റ് കാറ്റിനെ ശാസിച്ചു, കടലിനോട് : അനങ്ങാതിരിക്കുക, അടങ്ങുക എന്ന് പറഞ്ഞു; കാറ്റ് അമർന്നു, വലിയ ശാന്തത ഉണ്ടായി. പിന്നെ അവൻ അവരോട്: നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുവാൻ എന്ത്? നിങ്ങൾക്ക് ഇപ്പോഴും വിശ്വാസമില്ലയോ എന്ന് പറഞ്ഞു. അവർ വളരെ ഭയപ്പെട്ടു: കാറ്റും കടലും കൂടെ ഇവനെ അനുസരിക്കുന്നുവല്ലോ, ഇവൻ ആർ എന്ന് തമ്മിൽ പറഞ്ഞു".

### 15. യേശു കുരുടനെ സൗഖ്യമാക്കുന്നു.

**(മർക്കോസ് 8:22-25)**

"അവർ ബേത്ത്സയിദയിൽ എത്തിയപ്പോൾ ഒരു കുരുടനെ അവന്റെ അടുക്കൽ കൊണ്ടുവന്ന് അവനെ തൊടണമെന്ന് അപേക്ഷിച്ചു. അവൻ കുരുടന്റെ കൈയ്ക്ക് പിടിച്ച് അവനെ ഊരിന് പുറത്ത് കൊണ്ടുപോയി. അവന്റെ കണ്ണിൽ തുപ്പി അവന്റെ മേൽകൈ വെച്ച്: നീ വല്ലതും കാണുന്നുണ്ടോ എന്നു ചോദിച്ചു. അവൻ മേൽപോട്ട് നോക്കി: ഞാൻ മനുഷ്യരെ കാണുന്നു; അവർ നടക്കുന്നത് മരങ്ങൾ പോലെയത്രേ കാണുന്നത് എന്ന് പറഞ്ഞു. പിന്നെയും അവന്റെ കണ്ണിന്മേൽ കൈവെച്ചപ്പോൾ അവൻ സൗഖ്യം പ്രാപിച്ച് മിഴിച്ച് നോക്കി എല്ലാം സ്പഷ്ടമായി കണ്ടു"

### 16. യേശു 38 വർഷം രോഗിയായിരുന്നവനെ സൗഖ്യമാക്കുന്നു. (യോഹ. 5:1-9)

"അതിന്റെ ശേഷം യെഹൂദന്മാരുടെ ഒരു ഉത്സവം ഉണ്ടായിട്ട് യേശു യെരുശലേമിലേക്ക് പോയി. യെരുശലേമിൽ ആട്ടുവാതിൽക്കൽ ബേഥെസ്ദാ എന്നു എബ്രായ പേരുള്ള ഒരു കുളം ഉണ്ട്; അതിന് അഞ്ച് മണ്ഡപം ഉണ്ട്. അവയിൽ വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ ഇങ്ങനെ വലിയൊരു കൂട്ടം (വെള്ളത്തിന്റെ ഇളക്കം കാത്തുകൊണ്ട്) കിടന്നിരുന്നു. അതത്

സമയത്ത് ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും; വെള്ളം കലങ്ങിയ ശേഷം ആദ്യം ഇറങ്ങുന്നവൻ ഏതു വ്യാധി പിടിച്ചവനായിരുന്നാലും അവന് സൗഖ്യം വരും. എന്നാൽ മുപ്പത്തെട്ട് വർഷം രോഗം പിടിച്ച് കിടന്നൊരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. അവൻ കിടക്കുന്നത് യേശു കണ്ടു, ഇങ്ങനെ ഏറെ കാലമായിരിക്കുന്നു എന്നറിഞ്ഞു; നിനക്ക് സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്ന് അവനോട് ചോദിച്ചു. രോഗി അവനോട്: യജമാനനേ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്ക് ആരും ഇല്ല; ഞാൻ തന്നേ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്ക് മുമ്പായി ഇറങ്ങുന്നു എന്ന് ഉത്തരം പറഞ്ഞു. യേശു അവനോട് എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തു നടക്കുക എന്ന് പറഞ്ഞു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തുനടന്നു".

### *17. യേശു ലാസറിനെ ഉയിർപ്പിക്കുന്നു.*

***(യോഹ. 11:1-44)***

"മറിയയുടെയും അവളുടെ സഹോദരി മാർത്തയുടെയും ഗ്രാമമായ ബേഥാന്യയിൽ ലാസർ എന്ന ഒരുത്തൻ ദീനമായി കിടന്നു. ഈ മറിയ ആയിരുന്നു കർത്താവിനെ പരിമളതൈലം പൂശി തന്റെ തലമുടി കൊണ്ട് അവന്റെ കാൽ തുടച്ചത്. അവളുടെ സഹോദരനായ ലാസർ ആയിരുന്നു ദീനമായി കിടന്നത്. ആ സഹോദരിമാർ അവന്റെ അടുക്കൽ ആളയച്ചു: കർത്താവേ, നിനക്ക് പ്രിയനായവൻ ദീനമായി കിടക്കുന്നു എന്ന് പറയിച്ചു. യേശു അത് കേട്ടിട്ട്: ഈ ദിനം മരണത്തിനായിട്ടല്ല, ദൈവപുത്രൻ മഹത്വപ്പെടേണ്ടതിന് ദൈവത്തിന്റെ മഹത്വത്തിനായിട്ടത്രേ എന്ന് പറഞ്ഞു. യേശു മാർത്തയേയും അവളുടെ സഹോദരി ലാസറിനേയും സ്നേഹിച്ചു. എന്നിട്ടും അവൻ ദീനമായിക്കിടക്കുന്നു എന്ന് കേട്ടപ്പോൾ, താൻ അന്ന് ഇരുന്ന സ്ഥലത്ത് രണ്ടു ദിവസം പാർത്തു. അതിന്റെ ശേഷം അവൻ ശിഷ്യന്മാരോട്: നാം വീണ്ടും യെഹൂദ്യയിലേക്ക് പോകുക എന്ന് പറഞ്ഞു. ശിഷ്യന്മാർ അവനോട്: റബ്ബീ, യഹൂദന്മാർ ഇപ്പോൾതന്നെ നിന്നെ കല്ലെറിയുവാൻ ഭാവിച്ചുവല്ലോ; നീ പിന്നെയും അവിടെ പോകുന്നുവോ എന്ന് ചോദിച്ചു. അതിന്



യേശു: പകലിന് പന്ത്രണ്ട് മണി നേരം ഇല്ലയോ? പകൽ സമയത്ത് നടക്കുന്നവൻ ഈ ലോകത്തിന്റെ വെളിച്ചം കാണുന്നത് കൊണ്ട് ഇടറുന്നില്ല; രാത്രിയിൽ നടക്കുന്നവനോ, അവന് വെളിച്ചം ഇല്ലായ്കകൊണ്ട് ഇടറുന്നു എന്ന് ഉത്തരം പറഞ്ഞു. ഇത് പറഞ്ഞിട്ട് അവൻ: നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു; എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു എന്ന് അവരോട് പറഞ്ഞു. ശിഷ്യന്മാർ അവനോട് : കർത്താവേ, അവൻ നിദ്രകൊള്ളുന്നുവെങ്കിൽ അവന് സൗഖ്യം വരും എന്ന് പറഞ്ഞു. യേശുവോ അവന്റെ മരണത്തെക്കുറിച്ചായിരുന്നു പറഞ്ഞത്, ഉറക്കം എന്ന നിദ്രയെക്കുറിച്ച് പറഞ്ഞു എന്ന് അവർക്ക് തോന്നിപ്പോയി. അപ്പോൾ യേശു സ്പഷ്ടമായി അവരോട്: ലാസർ മരിച്ചുപോയി; ഞാൻ അവിടെ ഇല്ലാഞ്ഞതുകൊണ്ട് നിങ്ങളെ വിചാരിച്ച് സന്തോഷിക്കുന്നു; നിങ്ങൾ വിശ്വസിക്കുവാൻ ഇടയാകുമല്ലോ; എന്നാൽ നാം അവന്റെ അടുക്കൽ പോകുക എന്ന് പറഞ്ഞു. ദിദിമൊസ് എന്ന് പേരുള്ള സഹശിഷ്യന്മാരോട് : അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോകുക എന്ന് പറഞ്ഞു. യേശു അവിടെ എത്തിയപ്പോൾ അവനെ കല്ലറയിൽ വെച്ചിട്ട് നാല് ദിവസമായി എന്ന് അറിഞ്ഞു. ബേഥാന്യ, യെരുശലേമിനരികെ ഏകദേശം രണ്ട് നാഴിക ദൂരത്തായിരുന്നു. മാർത്തയെയും മറിയയെയും സഹോദരനെക്കുറിച്ച് ആശ്വസിപ്പിക്കേണ്ടതിന് പല യെഹൂദന്മാരും അവരുടെ അടുക്കൽ വന്നിരുന്നു. യേശു വരുന്നു എന്ന് കേട്ടിട്ട് മാർത്ത അവനെ എതിരേൽക്കുവാൻ ചെന്നു. മറിയയോ വീട്ടിൽ ഇരുന്നു. മാർത്ത യേശുവിനോട്: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു. ഇപ്പോഴും നീ ദൈവത്തോട് എന്തപേക്ഷിച്ചാലും, ദൈവം നിനക്ക് തരും എന്ന് ഞാൻ അറിയുന്നു എന്ന് പറഞ്ഞു. യേശു അവളോട്: നിന്റെ സഹോദരൻ ഉയിർത്ത് എഴുന്നേൽക്കും എന്ന് പറഞ്ഞു. മാർത്ത അവനോട് ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കും എന്ന് ഞാൻ അറിയുന്നു എന്ന് പറഞ്ഞു. യേശു അവളോട്: ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചി

രുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല. ഇത് നീ വിശ്വസിക്കുന്നുവോ എന്ന് പറഞ്ഞു. അവൾ അവനോട്: ഉവ്വ്, കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നേ എന്ന് ഞാൻ വിശ്വസിച്ചിരിക്കുന്നു എന്ന് പറഞ്ഞിട്ട് പോയി തന്റെ സഹോദരിയായ മറിയയെ സ്വകാര്യമായി വിളിച്ചു: ഗുരു വന്നിട്ടുണ്ട്; നിന്നെ വിളിക്കുന്നു എന്ന് പറഞ്ഞു. അവൾ കേട്ട ഉടനെ എഴുന്നേറ്റ് അവന്റെ അടുക്കൽ വന്നു. യേശു അതുവരെ ഗ്രാമത്തിൽ കടക്കാതെ മാർത്ത അവനെ എതിരേറ്റ സ്ഥലത്ത് തന്നേ ആയിരുന്നു. വീട്ടിൽ അവളോടുകൂടെ ഇരുന്ന് അവളെ ആശ്വസിപ്പിക്കുന്ന യെഹൂദന്മാർ, മറിയ വേഗം എഴുന്നേറ്റ് പോകുന്നത് കണ്ടിട്ട് അവൾ കല്ലറയ്ക്കൽ കരയുവാൻ പോകുന്നു എന്ന് വിചാരിച്ച് പിൻചെന്നു. യേശു ഇരിക്കുന്നിടത്ത് മറിയ എത്തി അവനെ കണ്ടിട്ട് അവന്റെ കാൽക്കൽ വീണു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു എന്ന് പറഞ്ഞു. അവൾ കരയുന്നതും അവളോട് കൂടെ വന്ന യെഹൂദന്മാർ കരയുന്നതും യേശു കണ്ടിട്ട്, ഉള്ളം നൊന്തു കലങ്ങി. അവനെ വെച്ചത് എവിടെ എന്ന് ചോദിച്ചു. കർത്താവേ, വന്ന് കാണുക എന്ന് അവർ അവനോട് പറഞ്ഞു. യേശു കണ്ണുനീർ വാർത്തു. ആകയാൽ യെഹൂദന്മാർ: കണ്ടോ അവനോട് എത്ര പ്രിയം ഉണ്ടായിരുന്നു എന്ന് പറഞ്ഞു. ചിലരോ കുരുടന്റെ കണ്ണു തുറന്ന ഇവന് ഇവനെയും മരിക്കാതാക്കുവാൻ കഴിഞ്ഞില്ലയോ എന്ന് പറഞ്ഞു. യേശു പിന്നെയും ഉള്ളം നൊന്ത് കല്ലറയ്ക്കൽ എത്തി; അത് ഒരു ഗുഹ ആയിരുന്നു; ഒരു കല്ലും അതിന്മേൽ വെച്ചിരുന്നു. കല്ലു നീക്കുവിൻ എന്ന് യേശു പറഞ്ഞു. മരിച്ചവന്റെ സഹോദരിയായ മാർത്ത: കർത്താവേ, നാറ്റം വച്ചു തുടങ്ങി; നാലു ദിവസം ആയല്ലോ എന്ന് പറഞ്ഞു. യേശു അവളോട് വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്ന് ഞാൻ നിന്നോട് പറഞ്ഞില്ലയോ എന്ന് പറഞ്ഞു. അവർ കല്ല് നീക്കി.യേശു മേലോട്ട് നോക്കി; പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചു എന്ന്



ചുറ്റും നിൽക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന് അവരുടെ നിമിത്തം, ഞാൻ പറയുന്നു എന്ന് പറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ട് അവൻ: ലാസറേ, പുറത്ത് വരിക എന്ന് ഉറക്കെ വിളിച്ചു. മരിച്ചവൻ പുറത്ത് വന്നു".

### *18. കന്യകമറിയാമിന്റെ സ്തോത്രഗീതം.*

### *(ലൂക്കോ. 1:46-55)*

"എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; എന്റെ ആത്മാവു എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ; ഇന്നു മുതൽ എല്ലാതലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും. ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു; അവന്റെ നാമം പരിശുദ്ധം തന്നേ. അവനെ ഭയപ്പെടുന്നവർക്കു അവന്റെ കരുണ തലമുറതലമുറയോളം ഇരിക്കുന്നു. തന്റെ ഭുജംകൊണ്ടു അവൻ ബലം പ്രവർത്തിച്ചു, ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചിരിക്കുന്നു. പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്നു ഇറക്കി താണവരെ ഉയർത്തിയിരിക്കുന്നു. വിശന്നിരിക്കുന്നവരെ നന്മകളാൽ നിറെച്ചു, സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു. നമ്മുടെ പിതാക്കന്മാരോടു അരുളിച്ചെയ്തതു പോലെ അബ്രഹാമിന്നും അവന്റെ സന്തതിക്കും എന്നേക്കും കരുണ ഓർക്കേണ്ടതിന്നു, തന്റെ ദാസനായ യിസ്രായേലിനെ തുണെച്ചിരിക്കുന്നു."

### *19. ദൈവം നമുക്കായി കരുതുന്നു. (ലൂക്കോ. 12:22-34)*

അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞതു: ആകയാൽ എന്തു തിന്നും എന്നും ജീവന്നായിക്കൊണ്ടും എന്തു ഉടുക്കും എന്നു ശരീരത്തിന്നായിക്കൊണ്ടും വിചാരപ്പെടരുതു എന്നു ഞാൻ നിങ്ങളോടു പറയുന്നു. ആഹാരത്തെക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലോ. കാക്കയെ നോക്കുവിൻ; അതു വിതെക്കുന്നില്ല, കൊയ്യുന്നില്ല, അതിനു പാണ്ടികശാലയും കളപ്പുരയും ഇല്ല; എങ്കിലും

ദൈവം അതിനെ പുലർത്തുന്നു. പറവജാതിയെക്കാൾ നിങ്ങൾ എത്ര വിശേഷമുള്ളവർ! പിന്നെ വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തിൽ ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും? അകയാൽ ഏറ്റവും ചെറിയതിന്നുപോലും നിങ്ങൾ പോരാത്തവർ എങ്കിൽ ശേഷമുള്ളതിനെക്കുറിച്ചു വിചാരപ്പെടുന്നതു എന്ത്? താമര എങ്ങനെ വളരുന്നു എന്നു വിചാരിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല നൂല്ക്കുന്നതുമില്ല; എന്നാൽ ശലോമോൻ പോലും തന്റെ സകല മഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ഉടുപ്പിക്കുന്നു എങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ എത്ര അധികം? എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങൾ ചിന്തിച്ചു ചഞ്ചലപ്പെടരുതു. ഈ വക ഒക്കെയും ലോകജാതികൾ അന്വേഷിക്കുന്നു; നിങ്ങളുടെ പിതാവേ ഇവ നിങ്ങൾക്കു ആവശ്യം എന്നറിയുന്നു. അവന്റെ രാജ്യം അന്വേഷിപ്പിൻ; അതോടുകൂടെ നിങ്ങൾക്കു ഇതു കിട്ടും. ചെറിയ ആട്ടിൻ കൂട്ടമേ, ഭയപ്പെടരുത്; നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നല്കുവാൻ പ്രസാദിച്ചിരിക്കുന്നു. നിങ്ങൾക്കുള്ളതു വിറ്റു ഭിക്ഷകൊടുപ്പിൻ; കള്ളൻ അടുക്കയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നു പോകാത്ത നിക്ഷേപവും നിങ്ങൾക്കു ഉണ്ടാക്കിക്കൊൾവിൻ. നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും.